# St.Mary's Malankara Orthodox Church

Houston

9915 Belknap Rd, Sugar Land, TX 77498



www.stmarysorthodoxhouston.org






## Editorial Board

- Editor - Paul Yohannan
- Members - Rev. Fr. P.M. Cheriyan
  Jacob George
  Thomas Varghese
  Binu Varghese
  Rahul Rajan
  M. Thomas Varghese
  George Abraham
  Sherry Thomas
  Joseph Cheriyan



For Private Circulation Only
© All rights reserved



Souvenir Data
Total Copy : 250
Size : D¼

Published by : St. Mary's Malankara Orthodox Church, Houston, Texas 77498
Design & Print : S&S Designs


Disclaimer :


IC
XC



## ST. MARY THE MOTHER OF GOD

Among all the saints of the Church, St. Mary occupies a preeminent position. This prominence is the consequence of her role as the Mother of God (Theotokos), a title that was underscored by the Ecumenical Council of Ephesus (A.D. 431) and firmly establishing it in the spirituality of the Church. St. Mary thus appears not only as the person who was favored to bear the Son of God, but because of her acquiescence to God's offer, she represents the pinnacle of synergy, the process by which human beings cooperate with God for the advancement of the salvific plan. Thus, she represents the reversal of the fatal fall of Eve in the Garden of Eden, and so is also given the designation "the second Eve." In the iconographic tradition of the Church, St. Mary is usually presented as holding in her arms the child Jesus. Similarly, in the hymns which focus on St. Mary, she is asked to intercede to her Son, affirming the biblical principle that there is only one Mediator between God the Father and humankind. The Church teaches that there is only one person, Jesus Christ, who has been exempt from the taint of humankind's sin. The Orthodox Church neither believe in the immaculate conception of St. Mary, nor her special mediatory role alongside Jesus Christ in the salvation of humankind. "For, behold, henceforth all generations will call me blessed" (Lk. 1:48).



# From the Editor's desk,





*Glory be to God!*

Let us praise the name of God Almighty for all the blessings He has showered upon us throughout the past year. A souvenir is a snap shot of time. A seven-year growth is a proud milestone for our church; we have faced problems, overcome challenges, and grown in different ways. This is a proud moment for each member of St. Mary's Malankara Orthodox Church Houston.

These past couple of years have been marked with uncertainties and seeming impossibilities. However, led by His hand and with the prayers of His faithful people, the impossible broke down into possibilities. The unceasing efforts of the building committee, executive committee, vicars, and parish members have enabled us to acquire this present property, as well as the required funds and other arrangements necessary to convert this building to our present-day sanctuary.

Fundraising has been key in such an endeavor, and we were able to maintain the amount required for the down payment and the initial expense through various projects. The commemorative souvenir is a reflection of a great seven years of this church's journey. I am sincerely grateful to each and everyone who has supported this effort.

The souvenir is a culmination of several meetings, emails, phone calls, fundraisers, and hard work of all of our church members. Let me also take this opportunity to express my appreciation and humble gratitude to the souvenir, consecration, building, and executive committees who have supported me on this venture. A special thanks to "The Family Calls 4 Souvenir" group created by the ladies of our church.
I thank all the venerable bishops and priests, church members, and advertisers who have blessed and supported this souvenir filled with new thoughts, messages, articles, and poems.

As we celebrate the consecration of St. Mary's Malankara Orthodox Church, Houston, we have humbly tried to convey the soul of the parish in a snapshot since 2010. Celebration is not only a time of recollecting the past achievements, but also a time to build upon those achievements and move beyond our comfort.

I submit this souvenir with humble gratitude and sincere thanks to God Almighty to bless our new church so that several members of our community can find a place to worship and come close to Jesus Christ and prepare for his second coming; just like our bridegrooms who stand with oil-filled lamps.

God Bless,

**Paul Yohannan**



# The Nicene Creed

We believe in one true God (Rom. 3:29-31, 1 Cor. 8:4-6, Eph. 4:6, Heb. 11:6)
The Father Almighty (1 Cor. 8:6, Rev. 1:8)
Maker of heaven and earth (Gen. Ch. 1&2, Ex. 20:11)
and of all things visible and invisible (Jer. 32:17. Col. 1:16)

And in the one Lord (Acts 10:36) Jesus (Matt. 1:21) Christ (John 4:25-26),
the only-begotten Son of God (John 1:14),
begotten of the Father before all worlds (1 John 4:9),
Light of Light, very God of very God (John 1:4, 5:18, 12:35-37, 1 John 1:5-7),
begotten, not made (John 8:58),
being of the same substance with the Father (John l0:30);
and by whom all things were made (John 1:3);
+ who for us men and for our salvation (Mat 1:21) came down from heaven (John 3:31),
+ and was incarnate of the Holy Virgin Mary, Mother of God (Luke 2:6),
by the Holy Ghost (Luke 1:35), and became man (John 1:14);
+ and was crucified for us (Mark. 15:25) in the days of Pontius Pilate (Matt. 27:22-26);
and suffered, and died, and was buried (Matt 27:50-60);
And the third day rose again (Matt 28:6) according to His will (1 Cor. 15:4),
and ascended into heaven (Luke 24:51), and sat on the right side of the Father (Mark 16:19);
and shall come again in His great glory (Matt. 25:31),
to judge both the quick and the dead (2 Tim. 4:1);
whose kingdom shall have no end (Luke 1:33);

And in the one living Holy Spirit (John 14:26),
the life-giving Lord of all (Is. 6:8, Acts 28:25, Rom. 8:2, 2 Cor, 3:6, 17&18),
who proceeds from the Father (John 15:26):
and who with the Father and the Son is worshipped and glorified (Rev. 4:8),
who spoke by the Prophets and Apostles (2 Peter 1:21);
And in the One (John 10:16), Holy (Eph 5:26,27, 2 Peter 2:5&9),
Catholic (Rom. 10:18 "Catholic' means universal or comprehensive, as well as "relating to the ancient undivided Christian church") and Apostolic (Eph. 2:20) Church;
and we acknowledge one Baptism (Eph. 4:5) for the remission of sins (Acts 2:38),
and look forward to the resurrection of the dead (Rom 6:5),
and the new life in the world to come (Mat. 25:34., Rev. 21:1-7). Amen.



## ST. JOHN THE BAPTIST

O God, You raised up St. John the Baptist to prepare a perfect people for Christ. Fill Your people with the joy of possessing His grace, and direct the minds of all the faithful in the way of peace and salvation. Grant that as St. John was martyred for truth and justice, so we may energetically profess our Faith in You, and lead others to the Way, the Truth, and Eternal Life.

Amen.



# ST. THOMAS THE APOSTLE

St. Thomas was one of the twelve Apostles of Jesus Christ. He was also called Didymos, which mean 'twin' because of the paired fingers of his hand. The Bible portrays him as a man of bravery and of strong attachment to his Teacher. Jesus made the revelation that 'I'm the way, the truth and the life' (St. John 14:6) as an answer to a question of St. Thomas. After resurrection, when Jesus appeared before his apostles, St. Thomas was not present there. When his colleagues told him later that they saw Jesus, he was reluctant to believe that. He declared that "unless I see the nail marks in his hands and put my finger where the nails were, and put my hand into his side, I will not believe it" (St. John 20:26). It was his earnest desire to see his resurrected Master. Jesus granted this wish with an appearance again before the group in which St. Thomas was also present. Jesus invited him to put his fingers on his wounds and get convinced. In the ecstasy of that moment, St. Thomas addressed Jesus "My Lord and My God" – a basic creed of Christian faith. The tradition is that when St. Thomas put his paired fingers in Jesus' wounds those paired fingers got separated and that the other apostles kissed his hand, which touched the resurrected Jesus Christ. The Christian practice of kissing the hands of bishops and priests originated from this. Christianity in India was founded by Saint Thomas the Apostle, during his ministry from 52 AD – 72 AD.



*The Great Martyr*

# " SAINT GEORGE"



*The First Canonized Saint of the Malankara Orthodox Syrian Church*

# SAINT GEEVARGHESE MAR GREGORIOS OF PARUMALA



# HIS HOLINESS BASELIOS MARTHOMA PAULOSE II

Catholicos of the East and the Supreme Head of the Indian Orthodox Church



# LATE LAMENTED HIS GRACE MATHEWS MAR BARNABAS

Diocesan Metropolitan of the American Diocese



## HIS GRACE ALEXIOS MAR EUSEBIUS

Metropolitan of South West American Diocese



## HIS GRACE DR.ZACHARIAH MAR NICHOLOVOS

Metropolitan of Northeast American Diocese

# Our Vicar



**Rev. Fr. John Geevarghese**

September 2010 - Jauary 2011

# Our Vicar



**Rev. Fr. Joshua George**

January 2011 - June 30, 2014

# Our Vicar



**Rev. Fr. P. M. Cheriyan**

July 01, 2014 - Present




Prayers & Best Wishes

From the Vicar,

Rev. Fr. Joshua (Binoy) George

&

Members of

St. Mary's Orthodox Church of India

1080 West Jackson Road ~ Carrollton, Texas 75006






# Message

## St.Mary's Malankara Orthodox Church

**Houston**
**9915 Belknap Rd,**
**Sugar Land, TX 77478**



**Rev. Fr. P. M. Cheriyan**
*Vicar*

## A Prayer of Thanksgiving

വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വത്തെ കാണും! യോഹന്നാൻ 11:40; ഇതു നീ വിശ്വസിക്കുന്നുവോ? യോഹ. 11:26

ഈ വചനത്തിന്റെ പശ്ചാത്തലം എല്ലാവർക്കും അറിയാകുന്നതാണ്. ലാസറിന്റെ മരണത്തിനുശേഷം യേശുവും മാർത്തയും തമ്മിലുള്ള സംഭാഷണ മദ്ധ്യേയുള്ള രണ്ടു സംഭാഷണ നുറുങ്ങുകളാണിവ. മരിച്ച് അടക്കം ചെയ്യപ്പെട്ട, ഏതാണ്ട് ലോകപരമായി അഴുകി തുടങ്ങിയ, ലാസറിനെ ഉയിർപ്പിക്കുന്നതിനുമുമ്പുള്ള രംഗം. മരിച്ചവരെ ഉയിർപ്പിക്കുന്ന സംഭവം. വേദപുസ്ക ചരിത്രത്തിൽ ഇത് ആദ്യത്തേതല്ല. ഏലിയാവ് വിധവയുടെ മകനെ ഉയിർപ്പിച്ചത് 1 രാജാക്കന്മാർ 17:17-24 വാക്യങ്ങൾ കാണാം. എലീശാ ശൂനേംകാരിയുടെ മകനെ ഉയിർപ്പിച്ചത് 2 രാജാക്കന്മാർ 4:32-35; എലീശായുടെ അസ്ഥികളിൽ സ്പർശിച്ചപ്പോൾ മരിച്ച മനുഷ്യൻ ഉയിർത്തെഴുന്നേറ്റത് 2 രാജാക്കന്മാർ 13:21; കർത്താവു തന്നെ നയീൻ പട്ടണത്തിലെ വിധവയുടെ മകനെ ഉയിർപ്പിച്ചത്, ലൂക്കോസ് 7:11-15; യായീറോസിന്റെ മകളെ ഉയിർപ്പിച്ചത്, ലൂക്കോസ് 8:49-55; ഇവയെല്ലാം ഗ്രഹിച്ചിട്ടുള്ളതിനാലാവാം മാർത്തയുടെ ആഗ്രഹം പുറത്തുവരുന്നത്. നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. യോഹന്നാൻ 11:21: ഇപ്പോഴും നീ ദൈവത്തോട് എന്തപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്ന് ഞാൻ അറിയുന്നു 11:22. യേശു വരുവാനുള്ള ദൈവപുത്രനായ ക്രിസ്തുവാണെന്ന് മാർത്ത വിശ്വസിക്കുന്നുണ്ടെങ്കിലും ഈ വിശ്വാസത്തോടു ചേർന്ന് ഉണ്ടായ മാർത്തയുടെ വിശ്വാസഹീനത (അവിശ്വാസം?) യാണ് കർത്താവ് മാർത്തയോട് ഈ ചോദ്യം ചോദിക്കാനിടയാക്കിയത്. "വിശ്വസിച്ചാൻ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ." 11:40. മുകളിൽ ഉദ്ധരിച്ചിട്ടുള്ള സംഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ലാസറിന്റെ സംഭവം. മുൻ പറഞ്ഞിട്ടുള്ള സംഭവങ്ങളെല്ലാം മരിച്ച് അധികം കഴിയുന്നതിന് മുമ്പാണ് നടന്നിട്ടുള്ളത്. എന്നാൽ ഇവിടെ നാലാം ദിവസം, മരിച്ച് 3 ദിവസം വരെ മരിച്ചയാൾ തിരിച്ച് ജീവിതത്തിലേക്ക് വന്നേക്കാൻ സാദ്ധ്യതയുണ്ട് എന്ന ഒരു പ്രത്യാശ ഉള്ളതായി കേട്ടിട്ടുണ്ട്, വിശ്വാസ്യത എത്രയുണ്ടെന്ന് അറിയില്ല, ശരീരം അഴുകിതുടങ്ങിയിരിക്കാൻ സാദ്ധ്യതയുള്ള ദിവസം, മാർത്തയുടെ സംശയത്തിന് ഇവിടെയാണ് പ്രസക്തി. "കർത്താവേ നാറ്റം വെച്ച് തുടങ്ങിക്കാണും, നാലുദിവസമായല്ലോ."

മനുഷ്യജീവതം സാധാരണയിൽ കവിഞ്ഞ് വികസിക്കാത്തതിന്റെ കാരണം ഇതാണ്. ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച്, സർവ്വവും തനിക്ക് കീഴാക്കി കൊടുത്ത മനുഷ്യൻ ഈ ലോകത്തിൽ പലകാര്യങ്ങളുടെ മുമ്പിൽ പകച്ചുനിന്നുപോകുന്നതിന്റെ കാര്യവും ഇതുതന്നെയാണ്. വേദപുസ്തകത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഈ അൽപ്പവിശ്വാസവും അതിന്റെ പരിണിത ഫലങ്ങളും നമുക്കു ദർശിക്കുവാൻ കഴിയും. വിശ്വാസികളുടെ പിതാവായ അബ്രഹാം ദൈവത്തിന്റെ കൽപ്പനകൾ അതുപോലെ പാലിക്കുവാൻ സന്നദ്ധനായിരുന്നു. നിന്റെ സന്തതി ആകാശത്തിലെ നക്ഷത്രംപോലെയും കടൽക്കരയിലെ മണൽപോലെയും ആയിത്തീരും എന്നുള്ള അരുളപ്പാട് അതുപോലെ വിശ്വസിച്ചു. 'അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവന് നീതിയായി കണക്കിട്ടു'. ഉൽപ്പത്തി 15:6; എന്നാൽ സാറായ്ക്ക് ഇത് പൂർണ്ണവിശ്വാസമായില്ല. അതിനാലാണ്, ദൈവത്തിന്റെ അരുളപ്പാടിനുശേഷം പത്തുവർഷം കഴിഞ്ഞപ്പോൾ, ഞാൻ പ്രസവിക്കില്ല, എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും, പക്ഷേ അവളാൽ എനിക്കു മക്കളെ ലഭിക്കും' എന്നു പറഞ്ഞ് തന്റെ ദാസിയായ ഹാഗരിനെ അബ്രഹാമിനുകൊടുത്തത്. ദൈവിക വാഗ്ദത്തത്തിന്‌വേണ്ടി കാത്തിരിക്കാതെ മാനുഷികവ്യാപാരത്തിന് വഴിപ്പെട്ടത് ഒടുവിൽ വേദനയിലാണ് അവസാനിച്ചത്. ദാസിയിലാണെങ്കിലും തനിക്കുണ്ടായ മകനെ ഇറക്കി വിടേണ്ടിവന്ന വേദനാജനകമായ അവസ്ഥ ഉണ്ടായതായി നമുക്കുകാണാം.

തന്റെ സ്വന്തജനത്തിന്റെ അടിമത്വത്തിന്റെ കഷ്ടതയുടെനടുവിൽ അവരുടെ നിലവിളി കേട്ട് അവരെ വിടുവിക്കുവാൻ മോശയെ തിരഞ്ഞെടുത്ത് നീട്ടിയ കൈകളാൽ അവരെ മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ച്, ഇതുവരെ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത മഹാ അത്ഭുതമായ, കടലിന്റെ നടുവിൽകൂടി ഉണങ്ങിയ നിലത്തിലൂടെ നടത്തിയപ്പോൾ, വെള്ളം രണ്ടായി പിളർന്ന് അവരുടെ ഇടത്തും വലത്തും മതിലായി നിൽക്കുന്നതു കണ്ട യിസ്രായേൽ ജനം, ദൈവത്തിന്റെ മഹാശക്തി കണ്ടതാണ്. എന്നിട്ടും അവിശ്വാസത്താൽ മിസ്രയീമിൽ നിന്ന് ഇറങ്ങിപോന്നവരിൽ യോശുവയും കാലേബും അല്ലാതെ ഒരുവൻ പോലും വാഗ്ദത്തനാട്ടിൽ പ്രവേശിക്കാൻ കഴിയാതെ മരുഭൂമിയിൽ പെട്ടുപോയത് നാം വായിക്കുന്നതാണ്. ഈ അത്ഭുതങ്ങൾ ചെയ്യുവാൻ തിരഞ്ഞെടുത്ത ദൈവപുരുഷനായ മോശപോലും ചിലപ്പോൾ ദൈവത്തിന്റെ ശക്തിയിൽ വിശ്വസിക്കാതിരുന്നില്ലയോ എന്നു സംശയിച്ചുപോകും. യിസ്രായേൽ ജനം, ഞങ്ങൾക്ക് മിസ്രയീമിൽ വെച്ച് വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ഉള്ളി. ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു. ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്ന അല്ലാതെ വേറെ ഒന്നും കാൺമാനില്ല. എന്നു പിറുപിറുത്തു. അതിന് യഹോവ മോശയോട്, നീ ജനത്തോട് നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ, എന്നാൽ നിങ്ങൾ ഇറച്ചിതിന്നും – ഒരു മാസത്തോളം, എന്ന് പറഞ്ഞപ്പോൾ മോശ യഹോവയോട് ചോദിക്കുന്നത് ശ്രദ്ധേയമാണ്. സംഖ്യാപുസ്തകം 11 : 21–22, എന്നോടുകൂടെയുള്ള ജനംആറുലക്ഷം കാലാൾ ഉണ്ട്. ഒരു മാസം മുഴുവൻ തിന്മാൻ ഞാൻ അവർക്ക് ഇറച്ചി കൊടുക്കുമെന്ന് നീ അരുളിച്ചെയ്യുന്നു. അവർക്ക് മതിയാകും വണ്ണം ആടുകളെയും മാടുകളെയും അവർക്കു വേണ്ടി അറുക്കുമോ?. അവർക്കു മതിയാകുംവണ്ണംസമുദ്രത്തിലെ മത്സ്യത്തെയൊക്കെയും അവർക്കുവേണ്ടി പിടിച്ചുകൂട്ടുമോ എന്നു ചോദിച്ചു. " യഹോവ മോശയോട് : യഹോവയുടെ കൈ കുറുതായിപ്പോയോ? എന്റെ വചനം നിവൃത്തിയാകുമോ ഇല്ലയോ എന്നു നീ ഇപ്പോൾ കാണും എന്നു കൽപ്പിച്ചു." 11:23. ഇവിടെ മോശയുടെ വിശ്വസക്കുറവാണോ എന്നു സംശയിച്ചുപോകും. എന്തുതന്നെ ആയാലും മോശയ്ക്കു പോലും ഒടുവിൽ കാനാൻ നാട്ടിൽ കയറാൻ സാധിച്ചില്ല എന്നു നമുക്കു കാണാം.

ദൈവശക്തിയാൽ മൂന്നുവർഷത്തോളം മഴയെ നിരോധിച്ച ഏലീയാ പ്രവാചകൻ, ദൈവകൽപ്പനയാൽ , മനുഷ്യന് ഒരിക്കലും ഇണങ്ങിയിട്ടില്ലാത്ത, കാക്കയെക്കൊണ്ട് രാവിലെയും വൈകിട്ടും ഇറച്ചിയും അപ്പവും കൊണ്ടു വന്ന് തന്നെ പോറ്റിയ ദൈവിക ശക്തി അറിയുന്ന പ്രവാചകൻ, തന്റെ ശക്തിയാൽ ആകാശത്തു നിന്ന് തീ ഇറക്കി തന്റെ യാഗത്തെ സ്വീകരിച്ചത് കണ്ടറിഞ്ഞ ദൈവപുരുഷൻ, ഒരു രാജ്ഞിയുടെ ഭീഷണിയിൽ ഓടിപോകാൻ ശ്രമിക്കുന്നത്, തനിക്ക് ഇനി ജീവിക്കേണ്ട, മരിച്ചാൽ മതി എന്ന് യഹോവയോട് വിലപിക്കുന്ന ദൈവത്തിന്റെ പ്രവാചകനെ കാണുമ്പോൾ, ദൈവവിശ്വാസത്തെ മറികടന്ന മാനുഷികമായ വിശ്വാസക്കുറവല്ലേ എന്നു സംശയം ജനിപ്പിക്കുന്നു.

3 വർഷം തന്റെ കൂടെ കൊണ്ടുനടന്ന് എല്ലാം പഠിപ്പിച്ച് എല്ലാ അധികാരവും കൊടുത്ത് (മത്തായി 10:8) വഴിനടത്തിയ കർത്താവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിലും നമ്മൾ ഈ വിശ്വാസക്കുറവു കാണുന്നില്ലേ? കർത്താവു ചോദിക്കുന്നു : "നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്?. നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ലയോ?". എന്നു പറഞ്ഞു. മർക്കോസ് 4:41, "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു ഇവിടെ നിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും. മത്തായി 17:21.

ഇതുപോലെ അനേകം ഉദാഹരണങ്ങൾ വേദപുസ്തകത്തിലുടനീളം നമുക്കു കാണാൻ കഴിയും. എന്നാൽ ഈ ഉദാഹരണങ്ങൾ നമ്മുടെ ജീവിതത്തിൽ എത്രമാത്രം പ്രസക്തമാണെന്ന് ചോദിച്ചാൽ, ഇതുതന്നെയാണ് നമ്മുടെ ജീവിതത്തിൽ നടക്കുന്നത്. ദൈവം ശക്തിമാനാണെന്ന് എല്ലാവരും സമ്മതിക്കും. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. അതിൽ വിശ്വാസക്കുറവൊന്നുമില്ല. പക്ഷേ ആ ദൈവത്തിന്റെ നടത്തിപ്പ് നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരുമ്പോൾ, അവിടെയാണ് നമ്മുടെ വിശ്വാസത്തിന്റെ ആഴം അളക്കപ്പെടേണ്ടത്. ഓരോ ദിവസവും നമ്മുടെ ദൈനംദിന ചര്യകളിൽ പോലും ദൈവനടത്തിപ്പുകാണാൻ കഴിയുമ്പോഴാണ് ദൈവത്തിലുള്ള നമ്മുടെ വിശ്വാസം പൂർത്തിയാകപ്പെടുന്നത്. അസാദ്ധ്യകാര്യങ്ങളിൽപോലും സാദ്ധ്യത ഉളവാക്കാൻ കഴിവുള്ളവനാണ് ദൈവം, അത് നാമമാത്രമായി വിശ്വസിച്ചാൽമാത്രം പോരാ, എന്നാൽ നമ്മുടെ പ്രതിസന്ധികളിൽപോലും പൂർണ്ണമായിവിശ്വസിക്കാൻ കഴിയണം. എന്റെ ജീവിതത്തിലുടനീളം ദൈവനടത്തിപ്പല്ലാതെ മറ്റൊന്നും കാണാനില്ല.ജീവിതം വഴിമുട്ടി എന്നു തോന്നിയപ്പോഴും ദൈവം അതിശയകരമായി നടത്തിയ സംഭവങ്ങൾ ഓർക്കുമ്പോൾ ആ ദൈവത്തെ ഇനിയും വിശ്വസിക്കാതിരിക്കാൻ കഴിയില്ല. ആ ഒരു ഉറപ്പിൽ നിന്ന് താഴേക്ക് വീഴുവാൻ അനുവദിക്കരുതേ എന്ന പ്രാർത്ഥനമാത്രമേ ഇപ്പോഴുള്ളു. സെന്റ് മേരീസ് ഇടവകയുടെ ചുമതല എടുത്തപ്പോൾ മുതൽ, പുതിയ പള്ളിയുടെ നിർമ്മാണത്തിന്റെ ആലോചനകൾ മുതൽ ഇപ്പോഴത്തെ പുതിയ ദൈവാലത്തിന്റെ കൂദാശയിലേക്ക് അടുക്കുന്ന ഈ സമയം വരെ, ദൈവം നടത്തിയ വഴികൾ ഓർക്കുമ്പോൾ ആ ദൈവം എത്ര ദയയുള്ളവനും, നമ്മുടെ വീഴ്ചകൾ പോലും കണക്കിടാതെ നമ്മോടു എത്രമാത്രം കരുണയുള്ളവനും ആണെന്ന് നന്ദിയോടെ പറയാതിരിക്കുവാൻ കഴിയില്ല.

വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണുമെന്ന് മാർത്തയോട് അരുളിചെയ്ത തമ്പുരാൻ അതുവരെയും ലോകം കണ്ടിട്ടില്ലാത്ത ഒരു മഹാ അതിശയമാണ് പ്രവർത്തിച്ചത്. ചീഞ്ഞ് അഴുകിത്തുടങ്ങിയ ലാസറിനെ പുതിയ ജീവിതത്തിലേക്ക് വിളിച്ച് കൊണ്ടുവന്നപ്പോൾ, അവിടെയുണ്ടായിരുന്ന കണ്ണുനീരും വിലാപവും, ആനന്ദവും സ്തോത്രവും ആയി തീർത്തതുപോലെ നമ്മുടെ ജീവിതത്തിലും ഈ സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തനം നടക്കുവാൻ നാം അനുവദിക്കുന്നെങ്കിൽ, പ്രതിസന്ധികളിൽ തളർന്നു പോകാതെ, അത് എന്തുതന്നെയായാലും, (അബ്രഹാമിന് ഇസഹാക്കിനെ ബലികഴിക്കേണ്ട അവസരം വരെ ഉണ്ടായതുപോലെ ഏറ്റവും പ്രിയമായത് നഷ്ടപ്പെടുമെന്ന അവസരം വന്നാലും, ഇയ്യോബിനെപ്പോലെ എല്ലാം നഷ്ടപ്പെട്ട് ഒടുവിൽ മാരകമായ രോഗം ബാധിച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെടേണ്ടി വന്നാലും, ശദ്രക്ക്, മേശെക്ക് അബേദ്നെഗോ എന്നിവരെ തീയിലെറിയുന്ന സാഹചര്യം ഉണ്ടായതുപോലെയോ, ദാനിയേൽ 3:13–21; ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടതുപോലെയോ ദാനിയേൽ 16:16, മരണം മുന്നിൽ കണ്ടാലും)അതിനെയെല്ലാം അതിജീവിച്ച് സമാധാനമായി (എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു,അതു ലോകം തരുന്നതുപോലെയല്ല എന്നരുളിചെയ്ത കർത്താവു തരുന്നസാമാധാനം അനുഭവിച്ച്) ദൈവം തന്നിരിക്കുന്ന ആയുസ്സ് പൂർത്തിയാക്കുവാൻ നമുക്കു സാധിക്കും. അതിന് മഹാകാരുണ്യവാനായ ദൈവം നമ്മെ അനുവദിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയായവനാകുന്നു.*

*I can do all things through CHRIST WHO strengthens me. Philippian 4:13.*



# Message

Website: www.mosc.in
E-mail: catholicos@mosc.in

Tel : 0481-2574323,2578500
Fax: 0481-2570569



## THE MALANKARA ORTHODOX SYRIAN CHURCH
## CATHOLICATE OF THE EAST

CATHOLICATE PALACE, KOTTAYAM-686 038, KERALA, INDIA

**BASELIOS MARTHOMA PAULOSE II**
*Catholicos of The Apostolic Throne of St. Thomas and Malankara Metropolitan*

We are immensely happy in knowing about the completion of the new church building for our St. Mary's Malankara Orthodox Church, Houston, Texas. We lift up our heart with praise and glory to the Almighty Lord for His Divine Providence.

Heaven meets the earth during our church worship, especially during Holy Qurbana. According to Paul the Apostle, we ourselves become the Church and the building blocks of it in Christ our Lord and Saviour. As each block is linked to other to form a house, the members of the Church should be cemented with love in Christ to build the Spiritual House of Lord. We exhort all of you to be filled with its Divine Love and prayerful co-operation among the members. These form the foundation to a spiritually strong parish.

On this solemn occasion of the consecration of your parish building, we remind all of you to develop our spirituality, deep rooted in the faith and traditions of our Church. This is indeed an opportunity for a re-dedication of the whole parish and in that land for laying the strong foundation for a Church centered spirituality. Our new generation should be trained in the tradition and faith of our Church. Always remember that we have to be the torch bearers of our great faith in that area and your true Christian witness should become a perfect model for meaningful Christian life.

We appreciate all those who are associated with both the construction of the church building and the souvenir which is being published to commemorate this great event in the history of that parish. Our sincere greetings and best wishes for this noble endeavour.

God bless you,

**Baselios Marthoma Paulose II**

Message




**The Northeast American Diocese of the Malankara Orthodox Syrian Church**

2158 ROUTE 106 • MUTTONTOWN • NEW YORK 11791

Telephone (718) 470 9844 • Fax (718) 470 9219
www.neamericandiocese.org
• NortheastAmericanDiocese@gmail.com

**Zachariah Mar Nicholovos,**
*Diocesan Metropolitan*


*Blessings to our dear Reverend Father P. M. Cheriyan, and the faithful of Saint Mary's Orthodox Church of Houston, Texas!*

Dearly beloved,

We offer thanksgiving to God, and share our great joy at the publication of a souvenir in connection with the consecration of your new church. We wish to commend the prayerful leadership of the Vicar, the Reverend Father P. M. Cheriyan, and the sincere dedication of the parishioners in making this dream come true. Father Cheriyan is a dear son of the Holy Church, and has always excelled in the sacred tasks the Church has entrusted to him.

It is important to remember that the purchase of a new church building, and consecrating it as a dwelling place of God, speaks of your own pursuit of a life in holiness. As the Holy Chrism is imprinted onto the walls of the Church, the Holy Spirit also is invoked upon the people, as they are called to become living Temples of the Holy Spirit.

May the consecration of this Church, invite members of the local community to this same path of holiness. Under the leadership of the Vicar, we encourage you to become active in the local community, and spread this precious faith we hold so fear. May this newly consecrated Temple become a beacon of light, hope, and salvation for the good people of Sugar Land, Texas.

Yours in our Lord,

**Zachariah Nicholovos, Metropolitan**

# Message




**MALANKARA ORTHODOX SYRIAN CHURCH**
**DIOCESE OF SOUTH - WEST AMERICA**

Urshlem
3101 Hopkins Road. Beasley, TX 77417, USA
Office : (281) 403 - 0670
Fax : (281) 459 - 0814
website : www.ds-wa.org
email : mareusebius@ds-wa.org


**Alexios Mar Eusebius Metropolitan**

*Blessings to the Vicar Rev. Fr. P.M. Cherian, Rev. Fr. John Geevarghese, Managing Committee, Building Committee, Souvenir Committee and all the faithful of St. Mary's Orthodox Church, Houston,*

Dearly Beloved,

It gives us great pleasure to see that the St. Mary's Orthodox Church, Houston accomplished a long cherished dream of having a church facility of our own. I have personally known the struggles and difficulties you have undergone from its inception. The Lord has heard your prayers by the intercession of St. Mary as we have achieved this dream by the completion and consecration of a beautiful Church.

I congratulate the Vicar, senior priest Rev. Fr. John Geevarghese, the former Vicar Rev. Fr. Joshua George, the different committees and all the faithful, for this achievement. The consecration of a Church in our Orthodox faith is a very elaborate and impressive one. St. John in His Gospel reminds us: "Yet a time is coming and has now come when the true worshipers will worship the Father in spirit and truth, for they are the kind of worshipers the Father seeks. God is spirit, and his worshipers must worship in spirit and in truth" (St. John 4:23-24). Let this remind us that it is the responsibility of the members of the parish to always maintain an environment for worship that is in the Holy Spirit and in Truth.

This church building is a result of your unity and hard work. We pray to God Almighty for heavenly blessings upon all who have generously contributed towards this project. We extend our warm wishes and blessings on this blessed occasion and pray that this commemorative souvenir helps us reflect upon and remember this great milestone in the life of your parish.

May the intercession of St. Mary, the patron saint of the parish, be a stronghold for us all.
Your Shepherd in Christ,

**Metropolitan Alexios Mar Eusebius**

*Message*




## MALANKARA ORTHODOX SYRIAN CHURCH
### DIOCESE OF KANDANAD WEST

Prasadam Centre
Kolenchery P. O., 682 311, Ernakulam, Kerala, India
Ph : 0484 - 2760286
Mob : +91 - 9447213999
Fax : 0484 - 2763025
email : mseverios@gmail.com

**Dr. Mathews Mar Severios Metropolitan**


Blessings to Rev.Fr.P.M Cherian,Vicar, and all members of the St.Mary's Orthodox Church,Houston.

We are very glad to know that the consecration of your newly built church will take place on 21st & 22nd of July 2017. We appreciate the dedicated work all of you have offered for this glorious event. Our Malankara Orthodox Church join with you all in rejoicing at this memorable occasion. Every newly built church adds one more precious stone on her crown. Every place of worship dedicated to The Holy Trinity glorifies and illuminate the human effort for manifesting His Holy Name. When we start our common prayer in the name of the Holy Trinity we dedicate our whole personality to the glory of God. We,the temple of God, worshiping in the Temple of God, the Holy Church in which we are members through our Baptism.

As we are consecrated , sealed, set apart and anointed as the temple of God in this world to glorify His name by Baptism and Holy Myron our newly built church building will become The Temple of God by consecrating with the Holy Myron. As we are built as a spiritual house and holy priesthood to offer spiritual sacrifice in the Temple of God we have to become rededicated and reconsecrated everyday as well as on the day of the rededication of our newly built church.

Our challenges in this world to be real witness to Christ is multi faced .This modern world of multimedia, electronic developments, orbital explorations and scientific innovations as well as poverty and terrorism force us to meet with their challenges. We cannot be indifferent to the emerging new facets of the discoveries and settings of the world in the new solar systems. We have to accept them and to address their challenges raised against the Christian faith even. Nothing in the created world can be exempted from our Christian mission. A meaningful, active participating and sincere response the world expects from us.

Let us hope and pray that our newly consecrated St.Mary's Orthodox Church of Houston may become a genuine venue for all our missionary activities in this world of imperfections to transform it according to the Will of the Holy and Glorious Trinity.

**Mathews Mar Severios**

Message

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF SOUTH-WEST AMERICA
ST. MARY'S ORTHODOX CHURCH OF INDIA, DALLAS
1080 West Jackson Road - Carrollton, Texas 75006



**Fr. Joshua (Binoy) George**
*Vicar & President*

Glory be to God!

It is with profound joy and heartfelt gratitude to God Almighty that I extend my humble prayers and congratulations to the beloved Vicar and parishioners of St. Mary's Malankara Orthodox Church, Houston on your newly acquired church building. Former Indian President, the late Dr. A. P. J. Abdul Kalam said, "Dream is not that which you see while sleeping, it is something that does not let you sleep" (Wings of Fire: An Autobiography). By God's grace and the intercession of patron saint, St. Mary, the Holy Mother of God, your dream of having your own, permanent worship facility has now become a reality through vigorous commitment, positive enthusiasm and fervent prayers. May the magnificent song of St. Mary narrated in St. Luke 1:49 truly become your praise of thanksgiving: "for He who is mighty has done great things for me, and holy is His name."

As a servant of God who served the parish for 3.5 years during its infancy stage, I've seen and witnessed the many challenges and limitations encountered in the rented, small spaces since the inception of the parish. Nonetheless, I also saw much potential, long-term vision, and endless efforts of its members for a fitting, adequate place for worship. There is absolutely no doubt that the parish has grown over the years, and it is quite impressive and appreciative that each one of you toiled persistently and prayerfully towards fruition. Your generous financial gifts, personal and professional sacrifices, innumerable hours of personal time and talent, along with the prayerful support of individuals outside the parish, have certainly played an essential role in purchasing, renovating and transforming the building into a temple of God. I truly rejoice with you as you celebrate God's love and faithfulness towards the St. Mary's Church community during the most auspicious occasion of your parish consecration. May the faithful members continue to ascend the ladder of spirituality through ceaseless worship, genuine fellowship and unconditional love. Moreover, may the work of the people in this newly sanctified church building bring honor and glory to God always! Once again, congratulations on your marvelous accomplishment!

Best wishes & prayers,

Binoy George

**Father Joshua George (Binoy Achen)**

# Message



## CITY OF SUGAR LAND

**Office of the Mayor**

**Joe R. Zimmerman Mayor**

St. Mary's Malankara Orthodox Church
9915 Belknap Road
Sugar Land, Texas 77498

On behalf of the City of Sugar Land, please offer my warmest regards to those celebrating the new parish of St. Mary's Malankara Orthodox Church on July 21-22, 2017. It is an exciting event for the Christian ministry and I am very proud of the citizens organizing this event and I know that a great deal of planning and hard work was required to make this celebration successful.

It is people like you that make the Sugar Land area a great community for its citizens. Please accept my best wishes for continued success in the future.

Very truly yours,

**Joe R. Zimmerman**
**Mayor**

2700 Town Center Blvd. North • P.O. Box 110 • Sugar Land, TX 77487 -0220 • 281-275-2710 • Fax 281-275-2721

# Message



**Congress of the United States**
**House of Representatives**
**Washington, DC 20515**

Sugar Land Office, 1650 Highway 6
Suite 150, Sugar Land, TX 77478

**Pete Olson**
*Congressman*

*To the congregation of St. Mary's Malankara Orthodox Church,*

I want to extend my sincerest congratulations for the consecration of your newest church here in Sugar Land. Your growth as a congregation points to a thriving community, even in the midst of changing locations. It is an honor to live in a country where families and friends come together to celebrate their love for God and for each other. I commend all of the parishioners of St. Mary's Malankara Orthodox Church and welcome everyone to Sugar Land.

Thank you for your gracious invitation to relay my thoughts, and congratulations once again on your new home.

Respectfully

Pete Olson

**Congressman Pete Olson"**

Message



GOVERNMENT OF KERALA

Tel : (0471) 2333812 & 2333682 Fax : (0471) 2333489 email : chiefminister@kerala.gov.in
website : www.keralacm.gov.in

**Pinarayi Vijayan**
*Chief Minister*

Secretariat
Thiruvananthapuram - 695 001
No. 814/Press/CMO/17.

**St.Mary's Malankara Orthodox Church**
Houston,
9915 Belknap Rd, Sugar Land, TX 77478

I am happy to learn that the St. Mary's Malankara Orthodox Church, Houston is bringing out a Souvenir in connection with the Holy Consecration Ceremony of the Church.

I extend my good wishes to the souvenir and all those who are associated with this.

**Pinarayi Vijayan**



# Content

Content













| | |
|---|---|
| Kerala Christavar | 31 |
| Daiva Mathavu | 35 |
| Sangeerthangal Aradhanayil | 37 |
| Interreligious relations a Gandhian | 39 |
| Why We Pray Facing East | 43 |
| Theotokos | 45 |
| Nithyatha Sathyamo Mythyao | 47 |
| Vasthi Ranji | 49 |
| Glimpse Into The Past | 51 |
| Piece of Paper | 53 |
| Lord above | 55 |
| Photos | 57 |
| Chrch Consecration Photos | 65 |
| John Achen Birthday & 50th Ordination | 85 |
| Photos 2010 | 87 |
| Photos 2011 | 89 |
| Photos 2012 | 93 |
| Photos 2013 | 94 |
| Photos 2014 | 95 |
| Construction Photos | 97 |
| Jayaram Show & Picnic 2015 | 99 |
| M. G. Sreekumar Show 2016 | 101 |
| Secretary | 103 |
| Thank you | 104 |


CONTENT CONTENT CONTENT


"The Key to Home loans"
S
SECURE
MORTGAGE COMPANY
The Key to Home loans
Helping families and individuals meet their housing goals for over 15 years
4502 Riverstone Blvd #1404
Missouri City, Tx 77459
713-589-5800 Ext 2
• PURCHASE & REFINANCE
• FHA • VA • CONVENTIONAL
• USDA• HOME EQUITY CASH OUT
• FIRST TIME HOME BUYER PROGRAMS
STANLEY MANI
Loan Originator (NMLS#330715)
smani@securemortgagecompany.com
ARUN MATHEW
NMLS#460282
Secure Mortgage Company
NMLS #70160, 2500 West Loop South, Suite 250, Houston TX 77027
713-446-5086
LENDER





# കേരള ക്രൈസ്തവർ അഭിമാനം കൊള്ളുന്ന മാർത്തോമ്മാ പൈതൃകം

ഫാ.ഡോ.എം.ഒ.ജോൺ

**ആമുഖം**

എക്കാലവും അഭിമാനപുരസ്സരം അനുസ്മരിക്കാവുന്ന കാര്യങ്ങളാണ് കേരള ക്രൈസ്തവരുടെ പൊതു പൈതൃകം. തലമുറകളായി, പ്രധാനമായി വാമൊഴിയായും, കുറെയൊക്കെ വരമൊഴിയായും, കൈമാറിവന്നിട്ടുള്ള പൈതൃകങ്ങൾ പുരാതന ക്രൈസ്തവ പാരമ്പര്യത്തിന്റെ ഉത്കൃഷ്ട സാക്ഷ്യങ്ങളാണ്. കേരളത്തിലെ പുരാതന ക്രൈസ്തവ സമൂഹം മാർത്തോമ്മാ പൈതൃകത്തെക്കുറിച്ച് എന്നും അഭിമാനംകൊണ്ടിരുന്നു. മതം, സംസ്ക്കാരം, ആരാധന, ജീവിതരീതി ഇതെല്ലാം ആ പൈതൃകത്തിൽ ഉൾക്കൊണ്ടിരുന്നു.

**മാർത്തോമ്മാ ക്രിസ്ത്യാനികൾ**

ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായെ കേരളക്രൈസ്തവ സമൂഹം വളരെയധികം ബഹുമാനിച്ചാദരിച്ചിരുന്നു. മാർത്തോമ്മാശ്ലീഹായുടെ ക്രിസ്ത്യാനികൾ എന്നു പറയുന്നതിൽ അവർ അഭിമാനംകൊണ്ടിരുന്നു.

മാർത്തോമ്മാശ്ലീഹാ ഭാരതത്തിന്റെ അപ്പോസ്തോലനാണെന്നും അദ്ദേഹം കേരളത്തിൽ വന്ന് സുവിശേഷം അറിയിച്ചുവെന്നും തലമുറകളായി കേരള ക്രൈസ്തവർ വിശ്വസിച്ചുവരുന്നു. കേരളത്തിലെ ക്രൈസ്തവർ മാത്രമല്ല മിക്കവാറും എല്ലാപുരാതന സഭാചരിത്രകാരന്മാരും മാർത്തോമ്മാശ്ലീഹായെ ഭാരതത്തിന്റെ അപ്പോസ്തോലൻ എന്ന് വിളിച്ചുവന്നിരുന്നു. അതേ ആശയത്തിന്റെ പിൻബലത്തിൽ ഇന്നാട്ടിലെ ക്രിസ്ത്യാനികളെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നും പറഞ്ഞുവന്നു.

ഒന്നാം നൂറ്റാണ്ടുമുതൽ ആരംഭിച്ച് ഇന്നുവരെയും നിലനിൽക്കുന്ന മലങ്കര നസ്രാണികളുടെ കേരളത്തിലെ സജീവ സാന്നിദ്ധ്യവും ചരിത്രത്തിലുള്ള സ്ഥാനവും അവരുടെ ഉത്ഭവവും മറ്റും സംബന്ധിച്ച് അവരുടെ ഇടയിലും അവർക്ക് ചുറ്റുമുള്ളവരുടെ ഇടയിലുമുള്ള പ്രബലമായ പാരമ്പര്യങ്ങളുമാണ് ഒന്നാം നൂറ്റാണ്ടുമുതൽ കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതിന്റെ ഏറ്റവും പ്രധാന തെളിവ്.

മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സുവിശേഷമറിയിച്ചതിനുശേഷം മൈലാപ്പൂരിൽ സാക്ഷിമരണം പ്രാപിച്ച് അവിടെ കബറടങ്ങിയിരിക്കുന്നു എന്ന പ്രബലമായ സാക്ഷ്യം പുരാതന കാലം മുതലെ ഇന്നാട്ടിലും പുറനാട്ടിലും നിലനിൽക്കുന്നുണ്ട്. മാർത്തോമ്മാ ശ്ലീഹാ ഇന്നാട്ടിൽ വന്നുവെന്നും സഭ സ്ഥാപിച്ചുവെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽതന്നെ സമർത്ഥിക്കുവാൻ സാധിക്കും.

ക്രിസ്തുവിന്റെ കാലത്തെ കേരളവും മദ്ധ്യപൂർവ്വദേശങ്ങളുമായി സജീവ വ്യാപാരബന്ധമുണ്ടായിരുന്നു. അവിടെനിന്നു വന്നിരുന്ന കപ്പൽ മാർഗ്ഗമോ ഇതര വാണിജ്യമാർഗ്ഗങ്ങളിലൂടെയോ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നിരിക്കാം. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ സുവിശേഷമറിയിച്ചുവെന്നും സഭ സ്ഥാപിച്ചുവെന്നും രണ്ടും മൂന്നും നൂറ്റാണ്ടുകൾ മുതൽ എഴുതിയിട്ടുള്ള പല ഗ്രീക്ക് സുറിയാനി ഗ്രന്ഥങ്ങളടിസ്ഥാനമാക്കിയും പിതാക്കന്മാരുടെ രചനകൾ അടിസ്ഥാനമാക്കിയും സമർത്ഥിക്കാം. അതിലുപരി ഒന്നാം നൂറ്റാണ്ടുമുതൽ കേരളത്തിലുടനീളം യഹൂദന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നതായും മനസിലാക്കുവാൻ സാധിക്കുന്നു. ഇതും മാർത്തോമ്മാ ശ്ലീഹായുടെ ഇവിടേക്കുള്ള ആഗമനത്തിന് കളമൊരുക്കിയിരിക്കാം.മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സുവിശേഷം അറിയിച്ചതിനുശേഷം മൈലാപ്പൂരിൽ സാക്ഷിമരണം പ്രാപിച്ച് അവിടെ കബറടങ്ങി എന്ന പ്രബലമായ സാക്ഷ്യം പുരാതന കാലം മുതൽ കേരള ക്രൈസ്തവരുടെ ഇടയിൽ നിലനിന്നിരുന്നു. തോമ്മാശ്ലീഹായോടു ഭക്തിയും സ്നേഹവും മാത്രമല്ല, തോമ്മാ എന്ന പേരിനോടുപോലും കേരളക്രൈസ്തവർ അസാമാന്യ പ്രതിപക്തി പുലർത്തിയിരുന്നു. എല്ലാ കുടുംബങ്ങളിലും തോമ്മാ എന്ന പേരോടുകൂടിയ ആരെങ്കിലും ഒരാൾ ഉണ്ടായിരുന്നു.

തോമ്മാ എന്ന പേരിനോടുതന്നെ വൈകാരികമായ ഒരടുപ്പം ക്രൈസ്തവർക്കുണ്ടായിരുന്നു. എല്ലാ കുടുംബങ്ങളിലും തോമസ് എന്നു പേരുള്ള ഒന്നുരണ്ടുപേർ കാണുമായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവന്മാരായിരുന്ന

അർക്കദിയാക്കോന്മാരിൽ ഭൂരിപക്ഷത്തിന്റേയും പേര് തോമസ് എന്നായിരുന്നു. അർക്കദിയാക്കോൻ സ്ഥാനി മെത്രാൻസ്ഥാന ത്തേക്കുയർന്നപ്പോൾ മാർത്തോമ്മാ മെത്രാൻ എന്നു വിളിച്ചു. മാർത്തോമ്മാ ഒന്നാമൻ മുതൽ ഒമ്പതാമൻ വരെ മെത്രാന്മാർ ആ പേരിൽതന്നെ മലങ്കരസഭയിൽ അറിയപ്പെട്ടു. ഇപ്പോഴും മലങ്കര മെത്രാപ്പോലീത്തായുടെ പേരിനോട് മാർത്തോമ്മാ എന്ന പേരും ചേർത്ത് ഉപയോഗിക്കുന്നു. ഓർത്തഡോക്സ് സഭയുടെ മാത്രമല്ല മാർത്തോമ്മാസഭയുടെയും പ്രധാന മെത്രാപ്പോലീത്തായുടെ സ്ഥാന നാമത്തിൽ മാർത്തോമ്മാ എന്ന നാമമുണ്ട്. മാർഗ്ഗംകളി പാട്ട്, റമ്പാൻപാട്ട്, തോമാപർവ്വം തുടങ്ങി പല കവിതകളിലും പാട്ടുകളിലും തോമ്മാശ്ലീഹായുടെ പ്രവർത്തനത്തെക്കുറിച്ച് ഭംഗി യായി വിവരിക്കുന്നുണ്ട്.

**ഉന്നതകുലജാതർ**

മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്ന് സുവിശേഷം അറിയിച്ച് നാലു ബ്രാഹ്മണകുടുംബങ്ങളിൽനിന്നുള്ളവരെയാണ് മാമോദീസാ മുക്കി ക്രിസ്ത്യാനികളാക്കിയത് എന്നാണ് കേരളത്തിലെ പുരാതന ക്രൈസ്തവരുടെ പ്രബലമായ ഒരു പാരമ്പര്യം. നാലുജാതികളായി തിരിച്ചുള്ള ചാതുർവർണ്ണവ്യവസ്ഥിതി കേരളത്തിൽ ഒന്നാം നൂറ്റാ ണ്ടിൽ നിലനിന്നിരുന്നോ എന്നതിനെക്കുറിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ട്. ആ അഭിപ്രായവ്യത്യാസ ങ്ങൾക്കൊന്നും പുരാതന ക്രിസ്ത്യാനികളുടെ വിശ്വാസത്തെ ഉലയ്ക്കുവാൻ സാധിച്ചിട്ടില്ല. തങ്ങളുടെ പൂർവ്വികർ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നാലു ബ്രാഹ്മണ കുടും ങ്ങളിൽനിന്നുള്ളവരാണെന്നായിരുന്നു മദ്ധ്യശതകങ്ങളിലും അതി നുശേഷവും ഇവിടെ വന്നിട്ടുള്ള വിദേശ സഞ്ചാരികളുടെ മുമ്പിൽ കേരള ക്രൈസ്തവർ ഉന്നയിച്ചിട്ടുള്ള അവകാശവാദം. ആ പാര മ്പര്യത്തിന് പിന്തുണ നൽകുന്ന ഒട്ടേറെ തെളിവുകൾ പിൽക്കാല രചനകളിൽനിന്നും ലഭ്യമാണ്.

അലക്സാന്ത്രിയയിലെ വേദശാസ്ത്ര വിദ്യാലയത്തിന്റെ അധിപനാ യിരുന്ന പന്തേനിയോസിനെ അവിടുത്തെ സഭാദ്ധ്യക്ഷനായിരുന്ന ദിമത്രെയോസ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനം ഇന്ത്യയിലേക്ക് അയച്ചതായും അദ്ദേഹം ഇവിടെ ക്രൈസ്തവരെ കണ്ടുമുട്ടിയ തായും സഭാചരിത്രകാരനായ യൗസേബിയോസ് (340) രേഖപ്പെ ടുത്തിയിട്ടുണ്ട്.യൗസേബിയോസ് രേഖപ്പെടുത്തിയിട്ടുള്ള കാര്യ ങ്ങൾ സഭാപിതാക്കന്മാരായ ജെറോമും(419) റുഫൈനോസും (345) ഉദ്ധരിക്കുന്നുണ്ട്. ആ അവസരത്തിൽ പന്തേനിയോസ് ഇന്ത്യയിൽ ബ്രാഹ്മണരുമായും തത്വജ്ഞാനികളുമായും സംവാ ദിച്ചു എന്നുംകൂടെ ജെറോം രേഖപ്പെടുത്തുന്നുണ്ട്. കേരളത്തിലെ ക്രിസ്ത്യാനികൾ ഉയർന്ന സാമൂഹിക സാംസ്ക്കാരിക നില വാരം പുലർത്തിയിരുന്നു. ഇതരമതസ്ഥർക്ക് അവരോട് ബഹുമാ നാദരവുകൾ ഉണ്ടായിരുന്നു. ചുറ്റുമുള്ള ജാതികളുമായി അവർ സൗഹൃദത്തിലായിരുന്നു. പ്രാദേശിക ക്രൈസ്തവ സമൂഹത്തിനും ദേവാലയങ്ങൾക്കും സ്ഥാനബഹുമാനാദരവുകൾ നൽകുന്ന പ ല ചടങ്ങുകളും പല പ്രാദേശിക ഹിന്ദുക്ഷേത്രങ്ങളിലുമുണ്ടായി രുന്നതായും അവ പലതും ഇന്നും നിലനിൽക്കുന്നതായും അറി യുന്നു. പിൽക്കാലത്തുണ്ടായ ചില വിദേശ സഭാബന്ധങ്ങളാണ് പല ആചാരാനുഷ്ഠാനങ്ങൾക്കും ആഘോഷങ്ങൾക്കും നിയന്ത്ര ണവും നിരോധനവും ഏർപ്പെടുത്തിയത്. എന്തുതന്നെയായാലും തങ്ങൾ ഉന്നതകുലജാതർ എന്നുതന്നെയായിരുന്നു എക്കാലവും കേരള ക്രൈസ്തവരുടെ അവകാശവാദം. ഈ അവകാശവാദത്തെ സാധൂകരിക്കുന്നതായിരുന്നു നാട്ടുരാജാക്കന്മാരിൽനിന്ന് അവർക്ക് ലഭിച്ച പദവികളും അധികാരങ്ങളും.

**ചെപ്പേടുകൾ**

കേരളത്തിലെ ഭരണകർത്താക്കൾ ചെമ്പുതകിടുകളിൽ എഴുതി കേരള ക്രൈസ്തവർക്കു കൽപ്പിച്ചു നൽകിയ സ്ഥാനങ്ങളും പ ദവികളും ചെപ്പേടുകൾ എന്നറിയപ്പെടുന്നു. പ്രധാനമായും നാലു ചെപ്പേടുകളെപ്പറ്റിയാണ് ഇപ്പോൾ അറിവുള്ളത്.

**1. ക്നായിത്തൊമ്മൻ ചെപ്പേട്**

എ.ഡി.345-നോടടുത്ത് പേർഷ്യയിൽനിന്ന് കേരളത്തിൽ വന്ന ഒരു ക്രൈസ്തവ കുടിയേറ്റ സംഘത്തിന്റെ നേതാവായിരുന്നു ക്നാ യിത്തോമ്മാ. ക്നായിത്തോമ്മായ്ക്കും സംഘത്തിനും അന്നത്തെ ഭരണാധിപൻ ചേരകോൻ പെരുമാൾ നൽകിയ അവകാശങ്ങളാണ് ഈ ചെപ്പേടിന്റെ ഉള്ളടക്കം. ക്നായിത്തോമ്മായ്ക്കും സംഘ ത്തിനും ചെപ്പേടുവഴി മഹാദേവർ പട്ടണം ചേരകോൻ പെരുമാൾ ദാനമായി നൽകി. ക്നായിത്തോമ്മായ്ക്കും സംഘത്തിനും സന്ത തിപരമ്പരകൾക്കും നൽകിയിട്ടുള്ള പ്രത്യേക പദവികളും ചെപ്പേ ടിൽ പരാമർശിക്കുന്നുണ്ട്.

**2. തരീസാപ്പള്ളി ചെപ്പേടുകൾ**

രണ്ടു ചെപ്പേടുകളായിതിലുള്ളത്. തരീസാപ്പള്ളി എന്നാൽ ഓർത്തഡോക്സ് പള്ളി എന്ന് വിവക്ഷ. കൊല്ലത്ത് നിർമ്മിച്ച തരീസാപ്പള്ളിക്ക് സ്ഥാനു രവിവർമ്മ രാജാവ് ഒമ്പതാം നൂറ്റാണ്ടിൽ കൽപ്പിച്ചു നൽകിയിട്ടുള്ള അവകാശങ്ങളും, ദാനങ്ങളും, ആനുകൂ ല്യങ്ങളും 72 പദവികളുമാണ് ഈ ചെപ്പേടുകളിലുള്ളത്.

**3. ഇരവികോർത്തൻ ചെപ്പേട്**

ഒരു ക്രൈസ്തവ വാണിജ്യ പ്രമുഖനായിരുന്നു ഇരവികോർത്തൻ. പതിമൂന്നാം നൂറ്റാണ്ടിൽ ചേരരാജാക്കന്മാരുടെ തലസ്ഥാനമാ യിരുന്ന മഹോദയപുരത്തിലെ ഇരവികോർത്തനും കൂട്ടർക്കും അന്നത്തെ ചേരരാജാവ് വീരരാഘവർ ചക്രവർത്തി അനുവദിച്ചു നൽകിയിട്ടുള്ള അവകാശങ്ങളും പദവികളും ആനുകൂല്യങ്ങളു മാണ് ഈ ചെപ്പേടിന്റെ ഉള്ളടക്കം.

പുരാതന കാലം മുതൽ കേരളത്തിൽ ഉന്നതമായ സ്ഥാനബഹുമാ നാദികളും ഹൈന്ദവ സമൂഹത്തിലെ ഉന്നതജാതികൾക്കുണ്ടായി രുന്ന പദവികളും അവകാശങ്ങളും ക്രൈസ്തവർക്കുണ്ടായിരുന്നു. അല്ലെങ്കിൽ ഔദ്യോഗികമായിത്തന്നെ അവർക്ക് ഭരണാധികാ രികൾ കൽപ്പിച്ചുനൽകിയിരുന്നു എന്ന് തെളിയിക്കുന്നവയാണ് ചെപ്പേടുകൾ എല്ലാം.

**സുറിയാനിഭാഷയോടുള്ള പ്രതിപത്തി**

സുറിയാനിഭാഷയോടും ആരാധനയോടുമുള്ള അമിത ഭക്തിയും സ്നേഹവും കേരള ക്രൈസ്തവരുടെ ഒരു പ്രത്യേകതയായിരു ന്നു. സുറിയാനി ഭാഷ രണ്ടു രീതിയിലുണ്ട്. അഥവാ സുറിയാനി ഭാഷയ്ക്ക് രണ്ടു വകഭേദങ്ങളുണ്ട്. കിഴക്കൻ സുറിയാനിയും പാ ശ്ചാത്യസുറിയാനിയും. ഇന്ന് നമ്മൾ ഉപയോഗിക്കുന്നത് പാശ്ചാ ത്യസുറിയാനിയാണ്. അന്ത്യോഖ്യൻ സുറിയാനി സഭയുടെ ഭാഷയാണിത്. മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്നത് കിഴക്കൻ സുറിയാനി അഥവാ കൽദായ സുറിയാനി ആയിരുന്നു. കൽദായ അഥവാ പേർഷ്യൻ സുറിയാനി സഭയുടെ ഭാഷയാണത്. കേരള ക്രൈസ്തവരുടെ ആരാധനാഭാഷ കിഴക്കൻ സുറിയാനി ആയി രുന്നു. നാലാം നൂറ്റാണ്ടു മുതലെങ്കിലും പേർഷ്യൻ സഭയുമായി ഇന്ത്യൻ സഭ നല്ല ബന്ധം പുലർത്തിയിരുന്നുവെന്ന് പറയാൻ സാധിക്കും. ആ ബന്ധം മൂലം ആ സഭയുടെ ആചാരാനുഷ്ഠാന ങ്ങളും പാരമ്പര്യങ്ങളും കേരളത്തിലെ ക്രൈസ്തവരുടെ ഇടയിൽ പ്രചരിച്ചു.പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യറോമാക്കാരും പോർട്ടു ഗീസുകാരും ഇവിടെ വരുമ്പോൾ ലത്തീൻഭാഷയിലുള്ള ആരാധന പ്രചരിപ്പിക്കാൻ ശ്രമിച്ചതിനെ നാട്ടുക്രിസ്ത്യാനികൾ എതിർത്തു. സുറിയാനിഭാഷയും ആരാധനയും ഉപേക്ഷിക്കുവാൻ അവർ തയ്യാ റല്ലായിരുന്നു. യേശുക്രിസ്തുവും ശിഷ്യന്മാരും സംസാരിച്ച ഭാഷ യാണ് സുറിയാനി. തങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ യിൽനിന്ന് തങ്ങൾക്ക് ലഭിച്ചതാണ് സുറിയാനി ഭാഷയും ആരാധന യും എന്നു പറഞ്ഞ് അമിതമായ ഭക്ത്യാദരവുകൾ സുറിയാനി ഭാഷയോട് അവർ പുലർത്തിയിരുന്നു. ആരാധനയിൽ മാത്രമല്ല ദേവാലയത്തിലെ സാധന സാമഗ്രികളും പെരുന്നാളുകളും നോ മ്പുകളുമെല്ലാം സുറിയാനിഭാഷയിൽ ഉള്ള വാക്കുകൾ ഉപയോ ഗിച്ചാണ് പരാമർശിച്ചിരുന്നത്. പന്തേനിയോസ് ഇന്ത്യയിൽ വന്ന പ്പോൾ ബർത്തലോമാ അപ്പോസ്തോലനിൽനിന്ന് ഇവിടുത്തെ ക്രിസ്ത്യാനികൾക്ക് ലഭിച്ച എബ്രായ ഭാഷയിൽ എഴുതിയ മത്താ യിയുടെ സുവിശേഷം കണ്ടതായും ചരിത്രകാരന്മാർ രേഖപ്പെടു ത്തിയിട്ടുണ്ട്.

കിഴക്കൻ സുറിയാനിഭാഷയിലുള്ള ആരാധനയായിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത് എന്നതിനും ആവശ്യത്തിന് തെളിവുകളു

ണ്ട്. ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യൻ സഭാദ്ധ്യക്ഷനായിരുന്ന തിമാത്തി ഒന്നാമൻ (780-823) പാത്രിയർക്കീസ് ആരാധനയെക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിലുള്ള ഇന്ത്യയിലെ സഭയിലും ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു........ എന്ന പ്രാർത്ഥന ഈ രീതിയിൽ തന്നെയാണ് ചൊല്ലുന്നത് എന്ന് പറയുന്നുണ്ട്. പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന വലിയ മാർ ദീവന്നാസിയോസ് (1765-1808) ഉപയോഗിച്ചുകൊണ്ടിരുന്ന കൽദായ സുറിയാനി ഭാഷയിലുള്ള നമസ്ക്കാര പുസ്തകങ്ങൾ ഇന്നും ലഭ്യമാണ്.

### ഭരണസംവിധാനം

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സഭയുടെ ഭരണം നിർവ്വഹിച്ചുവന്നത് പകലോമറ്റം കുടുംബത്തിൽപ്പെട്ട അർക്കദിയാക്കോന്മാരായിരുന്നു. അർക്കദിയാക്കോൻ എന്ന സ്ഥാനി ക്രിസ്ത്യാനികളുടെ സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ, മതനേതാവായിരുന്നു. പകലോമറ്റം കുടുംത്തിൽപെട്ട ഒരു പുരോഹിതനായിരുന്നു അദ്ദേഹം. ജാതിക്കു കർത്തവ്യൻ എന്നും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിന് വ്യാപകമായ അംഗീകാരം ലഭിച്ചിരുന്നു. പേർഷ്യൻ സഭയിൽനിന്ന് ഇടയ്ക്കൊക്കെ ബിഷപ്പന്മാർ ഇവിടെ വന്നിരുന്നുവെങ്കിലും ആത്മീയവും ലൗകീകവുമായ കാര്യങ്ങളിൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്ത നേതാവായി അർക്കദിയാക്കോൻ പരിലസിച്ചിരുന്നു.




കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം പുരാതന കാലത്ത് കേരളത്തിലെ സഭയിൽ നിലനിന്നിരുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴുപള്ളികൾക്കും പുരോഹിതന്മാരെയും അദ്ദേഹം തന്നെ നിയമിച്ചിരുന്നു. ആദിമ സഭാപാരമ്പര്യത്തിലെ എപ്പിസ്കോപ്പാ/മൂപ്പൻ അല്ലെങ്കിൽ കശ്ശീശാ എന്ന നിലയിലുള്ള ഭരണകർത്താക്കളായിരിക്കാം. അവർ പുരോഹിതന്മാരും മഹാപുരോഹിതന്മാരും ഒക്കെ ആയിരുന്നിരിക്കാം. എന്നാൽ അവർ അതതു പള്ളികളുടെ ഭരണാധിപന്മാരായിരുന്നു.

കേരളത്തിലെ പുരാതന ക്രൈസ്തവ കേന്ദ്രങ്ങൾ തമ്മിൽ തന്നെ മൈലുകളുടെ അകലം ഉണ്ടായിരുന്നു. (ഉദാ. കൊല്ലം,നിരണം, നിലയ്ക്കൽ, കൊടുങ്ങല്ലൂർ തുടങ്ങിയവ) ഒരിടത്തുനിന്നു മറ്റൊരിടത്തേക്കുള്ള യാത്ര ദുഷ്ക്കരവും ദിവസങ്ങളോളം വേണ്ടതുമായിരുന്നു. മാത്രമല്ല ഈ പ്രദേശങ്ങൾ വ്യത്യസ്ത നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിലുമായിരുന്നു. ഈ കേന്ദ്രങ്ങളിലെ ക്രൈസ്തവ സമൂഹങ്ങളെ ഒന്നിച്ച് ഒരാളുടെ ഭരണത്തിൻകീഴെ കൊണ്ടുവരിക എന്നത് അപ്രായോഗികമായിരുന്നു. ഓരോ ഇടവകകളായ സമൂഹത്തിനും അതിന്റേതായ ഭരണസംവിധാനം ഉണ്ടായിരുന്നിരിക്കണം. ഒന്നിൽ കൂടുതൽ പട്ടക്കാർ ഓരോന്നിലുമുണ്ടായിരുന്നു. എല്ലായിടത്തും ഇടവക യോഗങ്ങൾ ഉണ്ടായിരുന്നു. അവരൊന്നിച്ചാലോചിച്ച് അംഗീകൃതമായ പതിവുകളുടെയും പാരമ്പര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഇടവകഭരണം നിർവ്വഹിച്ചുവന്നു. ആളുകളുടെ അച്ചടക്കത്തേക്കാൾ ഓരോ ഇടവകയ്ക്കും ഉണ്ടായിരുന്ന നിലംപുരയിടങ്ങളുടെയും വസ്തുവകകളുടെയും ഭരണമായിരുന്നു പ്രധാനമായുണ്ടായിരുന്നത്.

പുരാതന കാലംതൊട്ടെ അർക്കദിയാക്കോൻ എന്ന സ്ഥാനി സമുദായത്തിന്റെ പൊതുനേതാവായി അറിയപ്പെട്ടിരുന്നു. അദ്ദേഹം ഓരോ ഇടവകയുടെയും ആഭ്യന്തരഭരണ കാര്യങ്ങളിൽ കാര്യമായി ഇടപെട്ടിരുന്നു എന്നു പറയുവാൻ സാധിക്കില്ല. എങ്കിലും ഭരണപരമായ കാര്യങ്ങളിലും സമുദായത്തിന്റെ പൊതുവായ അച്ചടക്ക പരിപാലനത്തിന്റെ കാര്യത്തിലും സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യങ്ങളിലും വിദേശത്തുനിന്നു വന്നുകൊണ്ടിരുന്ന മെത്രാന്മാരേക്കാൾ കൂടുതൽ ഉത്തരവാദിത്വവും ശ്രദ്ധയും അർക്കദിയാക്കോന്മാർക്കുണ്ടായിരുന്നു. അർക്കദിയാക്കോന്മാരെ ഉന്നത നിലയിൽതന്നെ സമുദായം ഒന്നടങ്കം അംഗീകരിച്ചാദരിച്ചിരുന്നു. തിരുവിതാംകൂറിനേക്കാൾ കൊച്ചി രാജ്യത്തായിരുന്നു അർക്കദിയാക്കോന്മാർക്ക് അംഗീകാരവും പ്രവർത്തന സ്വാതന്ത്ര്യവും ഉണ്ടായിരുന്നത്. എങ്കിലും വലിയ പള്ളികളെല്ലാം സ്വയംഭരണ സ്വാതന്ത്ര്യമുള്ള സ്ഥാപനങ്ങളായി തന്നെ നിലനിന്നു. ആ ഭരണസംവിധാനത്തിന് എന്തെങ്കിലും ന്യൂനത ഉണ്ടായിരുന്നതായും ആരും കരുതിയിരുന്നില്ല. മലങ്കരസഭയിൽ പതിനാറാം നൂറ്റാണ്ടിനു മുമ്പ് നിലനിന്നിരുന്ന ഭരണരീതി എപ്പിസ്കോപ്പൽ ഭരണരീതി ആയിരുന്നില്ല എന്ന് വ്യക്തമായി പറയുവാൻ സാധിക്കും. ഇന്നത്തെ രീതിയിലുള്ള എപ്പിസ്കോപ്പൽ ഭരണസംവിധാനം പുരാതനഭാരതസഭയ്ക്ക് അന്യമായിരുന്നു എന്നു ചുരുക്കം.

### ഉപസംഹാരം

മദ്ധ്യശതകങ്ങളിൽ ഗണനീയമായ സാമൂഹ്യ, സാമ്പത്തിക ഉന്നതിയും ഐശ്വര്യവും പ്രതാപവുമുള്ള ഒരു ക്രൈസ്തവസമൂഹമായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. ഗ്രീക്കോ റോമൻ സാമ്രാജ്യത്തിലെ ക്രൈസ്തവസഭകളിൽനിന്നും വ്യത്യസ്തത പുലർത്തിയിരുന്നതായ ഒരു ദേശീയ പൈതൃകം അവർക്കുണ്ടായിരുന്നു എന്നതിനും സംശയമില്ല. കാലക്രമേണ വൈദേശികസഭകളുമായുണ്ടായ ബന്ധങ്ങൾകൊണ്ടും മാറിവന്ന രാഷ്ട്രീയസാഹചര്യങ്ങൾകൊണ്ടും പല വിദേശസഭകളുടെയും പതിപ്പുകളായി കേരളത്തിലെ പുരാതന ക്രിസ്ത്യാനികൾ മാറി. അവർ ഇന്ന് ഭിന്നിച്ച് പല സഭകളായി നിൽക്കുന്നു.

മലങ്കരസഭയുടെ പുരാതന ചരിത്രത്തെക്കുറിച്ച് പുനരമ്പേഷണം നടത്തേണ്ടതും നഷ്ടപ്പെട്ടുപോയ പൈതൃകങ്ങൾ വീണ്ടെടുക്കാനും അതിനെ ഇന്നത്തെ സാഹചര്യത്തിനിണങ്ങുന്ന രീതിയിൽ അർത്ഥവത്തായി പുനരാവിഷ്ക്കരിക്കാനും കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന് സാധിക്കണം.

കേരളസമൂഹത്തിനും സംസ്ക്കാരത്തിനും തനതായ സംഭാവനകൾ നൽകിയിട്ടുള്ള ക്രൈസ്തവസമൂഹത്തിന് അതിന്റേതായ പ്രത്യേകതകളും ഔന്നിത്യവും കാത്തുസൂക്ഷിച്ചു അർത്ഥവത്തായ സാക്ഷ്യം നൽകി മുന്നേറുവാൻ സാധിക്കണം.

Best compliments from



M THOMAS VARGHESE AND FAMILY

# ദൈവ മാതാവ്



**ഫാ.ഡോ.ജോൺ തോമസ്
കരിങ്ങാട്ടിൽ**



പരിശുദ്ധ മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തവർ ദൈവത്തിൽ നിന്നും വേർപെട്ട വരാണ്. **– ഗ്രിഗറി ഓഫ് നാസ്സിയാൻസ്**

* * *

പരിശുദ്ധ കന്യക ദൈവ വചനത്തെ ശ്രവിക്കുകയും സ്വീകരിക്കുകയും ഹൃദ യത്തിൽ സംഗ്രഹിക്കുകയും ചെയ്തപ്പോൾ പുത്രൻ തമ്പുരാൻ ആ ജീവി തത്തിൽ ഉരുവായി. ഈ കർത്തൃ ശരീരമാണ് സഭ. സഭയേയും പരിശുദ്ധ കന്യകയേയും നമ്മുടെ കർത്താവിനേയും അന്യോന്യം മാറ്റി നിർത്തു വാൻ സാദ്ധ്യമല്ല. **– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

* * *

കുഞ്ഞിനെ എടുത്തുകൊണ്ടു നിൽക്കുന്ന ഏത് അമ്മയിലും ഉണ്ണി യേശുവിനെ എടുത്തുകൊണ്ടു നിൽക്കുന്ന വിശുദ്ധ മാതാവിന്റെ വിദൂരഛായകൾ വീണു കിടക്കുന്നു. **– കെ.പി. അപ്പൻ: വിശുദ്ധ കന്യക**

* * *

പരിശുദ്ധ കന്യക മറിയാം മനുഷ്യ വർഗ്ഗത്തിന്റെ രക്ഷാപദ്ധ തിയിൽ നിർണ്ണായക പങ്കാളിത്തം വഹിച്ച മഹത്തായ വ്യക്തി ത്വമാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ദൈവമാതാവും നിത്യകന്യകയും പരിശുദ്ധയുമായി മറിയത്തെ വിശേഷിപ്പിക്കുന്നു. നിഖ്യാ സുന്നഹദോസ് (325) യേശുവിന്റെ കന്യകാ ജനനവും എഫേസോസ് സുന്നഹദോസ് (431) പ രിശുദ്ധ മറിയത്തെ, ദൈവമാതാവുമായി അംഗീകരിക്കുന്നു. "ദൈവപ്രസവിത്രി-കന്യകമറിയാം"എന്നത് ഓർത്തഡോ ക്സ് മറിയ വിജ്ഞാനീയത്തിന്റെ സംക്ഷിപ്തമാണ്. ഇത് ക്രിസ്തു ശാസ്ത്രത്തോടും സഭാ ശാസ്ത്രത്തോടും അഭേ ദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

മറിയത്തെക്കുറിച്ചുള്ള പ്രബോധനങ്ങളുടെയും വ്യാഖ്യാ നങ്ങളുടെയും അടിസ്ഥാനം ബൈബിൾ, ആദിമസഭയിലെ ഗുരുക്കന്മാരുടെ എഴുത്തുകൾ, സഭയുടെ വിശ്വാസ സംഹിത, ആരാധന, പാരമ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ രൂപ പ്പെട്ടതാണ്. ആദ്യകാലത്ത് നിരവധി ഗുണമാഹാത്മ്യങ്ങളും സ്ഥാനമഹത്ത്വങ്ങളും മറിയത്തിനു നൽകിയിട്ടുണ്ടെങ്കിലും ദൈവ പ്രസവിത്രി, നിത്യകന്യക, വിശുദ്ധ എന്നീ ബഹുമതികളാണ് ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്. യേശുവിന്റെ ദൈവ ത്വത്തെക്കുറിച്ചുള്ള പ്രബോധനമാണ് ആധികാരികമായി "ദൈവപ്രസവിത്രി" എന്ന സംജ്ഞയിൽ പ്രകാശം പരത്തു ന്നത്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശു പരിശുദ്ധാത്മാവിൽ ശരീരം ധരിച്ച് മനുഷ്യനായി, ഭൂമി

യിൽ അവതരിച്ചു എന്ന വേദപ്രമാണം ഇതിൽ ഉൾച്ചേരുന്നു. യേശുവിന്റെ ആളത്വം വിശദീകരിച്ച പശ്ചാത്തലത്തിലാണ് മറിയ വിജ്ഞാനീയം വിപുലമായത്. മറിയം, ക്രിസ്തു, സഭ എന്നിവയുടെ സമഗ്ര ബന്ധത്തിന്റെ യഥാർത്ഥ വിശകലനത്തിലാണ് ഇവ വെളിപ്പെടുന്നത്.

യുയാക്കിം-ഹന്ന ദമ്പതികളുടെ മകളായ മറിയം പിതൃവഴി ദാവീദിന്റെ രാജപാരമ്പര്യവും മാതൃവഴി അഹരോന്റെ പൗരോഹിത്യ പാരമ്പര്യവും ഉൾക്കൊള്ളുന്നു. നിത്യരാജാവും പുരോഹിതനുമായ ക്രിസ്തു രാജകീയ പുരോഹിത പാരമ്പര്യമുള്ള മറിയത്തിന്റെ ഉദരത്തിൽ പിറന്നു. വചനിപ്പു ലഭ്യമായപ്പോൾ മറിയം ഗലീലയിലെ നസ്രേത്തിലായിരുന്നു വാസം (ലൂക്കോ. 1:26).

നാലു സുവിശേഷങ്ങളിലും മറിയത്തിന്റെ വിവരണങ്ങൾ ഉണ്ട്. യേശുവിന്റെ ബാല്യകാല വിശദീകരണങ്ങളിൽ വി.ലൂക്കോസ് 12 പ്രാവശ്യവും വി. മത്തായി അഞ്ചു പ്രാവശ്യവും വി. മർക്കോസും വി.യോഹന്നാനും രണ്ടു പ്രാവശ്യവും മറിയത്തെക്കുറിച്ച് സാക്ഷിക്കുന്നു. മറിയത്തിന്റെ പേരിനു പകരം ക്രിസ്തുവിന്റെ അമ്മ (മത്താ. 1:18), കർത്താവിന്റെ അമ്മ (ലൂക്കോ. 1:43), യേശുവിന്റെ അമ്മ (യോഹ. 2:1) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. വി. ലൂക്കോസ് കർത്താവിന്റെ ദാസി (1:38), സ്ത്രീകളിൽ അനുഗ്രഹീത (1:42), കൃപനിറഞ്ഞവൾ (ലൂക്കോ. 1:28), കർത്താവിന്റെ മാതാവ് (ലൂക്കോ. 1:43) എന്നിങ്ങനെയുള്ള വിശേഷണവും മറിയത്തിന് നൽകുന്നു.

യേശുവിന്റെ ഉജ്ജ്വല പ്രഭാഷണം കേട്ട സ്ത്രീ ഉച്ചത്തിൽ വിളിച്ചു പറഞ്ഞതും "ഭാഗ്യവതിയായ" മറിയത്തെക്കുറിച്ചായിരുന്നു. "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" (ലൂക്കോ. 11:27). യേശുവിന്റെ മറുപടിയിൽ മാതൃത്വത്തിന്റെ ആത്മീയ മഹത്വം വെളിപ്പെടുത്തുകയാണ്. ദൈവവചനം കേട്ട് പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ (ലൂക്കോ. 11:28). മറിയം ദൈവവചനത്തിന് സമ്പൂർണ്ണമായി വിധേയപ്പെട്ട മഹത്‌വ്യക്തിത്വമായിരുന്നു എന്ന് (ലൂക്കോ. 1:38) യേശു സ്ഥാപിക്കുന്നു. ചാർച്ചക്കാരിയായ എലിസബത്തും ദൈവവചനത്തിന്റെ മഹത്വം ഉൾക്കൊണ്ട് മറിയത്തെക്കുറിച്ച് പ്രഘോഷിക്കുന്നു. "കർത്താവ് തന്നോട് അരുളി ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കോ. 1:45). യേശുവിനെ ഗർഭത്തിൽ വഹിച്ചുള്ള മറിയത്തിന്റെ സാന്നിധ്യത്തെ ഭാഗ്യകരമെന്നും മറിയത്തെ "ഭാഗ്യവതി" എന്നും എലിസബത്ത് പരിശുദ്ധാത്മാവിൽ പ്രവചിക്കുമ്പോൾ, ഇന്നു മുതൽ എല്ലാ തലമുറയും "എന്നെ ഭാഗ്യവതി" എന്ന് വാഴ്ത്തും (ലൂക്കോ. 1:48) എന്ന് മറിയാം പറയുന്നു. ബൈബിൾ ചരിത്രത്തിൽ മറിയത്തിന്റെ മഹത്വവും ഭാഗ്യവും ആദ്യം തിരിച്ചറിയുന്നത് ചാർച്ചക്കാരിയായ എലിസബത്താണ്.

മറിയത്തിന്റെ സ്വതന്ത്രവും ധീരവുമായ തീരുമാനവും നിശ്ചയദാർഢ്യവുമായിരുന്നു, ദൈവവചനം മറിയത്തിന്റെ ഉദരത്തിൽ വളരുവാൻ അവസരം സൃഷ്ടിച്ചത്. മറിയം വിശ്വാസ ധീരതയുടെ പ്രതീകമാണ്. ഗബ്രിയേൽ ദൂതന്റെ "കൃപനിറഞ്ഞവളേ" എന്ന അഭിവാദനം കേട്ട് മറിയം "ഭ്രമിച്ചു". "എന്തൊരു വന്ദനം" എന്നു വിചാരിച്ചു. മറിയയിൽ അസ്വസ്ഥത സൃഷ്ടിച്ച ചിന്തകളാണ് ചോദ്യമാകുന്നത്. "ഇതെങ്ങനെ സംഭവിക്കും?. ദൂതന്റെ അഭിവാദനത്തോട് ക്രിയാത്മകമായി ചിന്തിക്കുവാനും പ്രതികരിക്കുവാനും കഴിയുന്ന അസാധാരണ പ്രതിഭയുള്ള ധീരയായ സ്ത്രീ മാതൃകയാണ്" മറിയം. ദൈവ പദ്ധതി തിരിച്ചറിഞ്ഞപ്പോൾ മറിയം പ്രസ്താവിക്കുന്നു:"ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" (ലൂക്കോ. 1:38).

ദൈവിക സമർപ്പണത്തിന് വേണ്ടി ഏതു തരം തിരസ്ക്കരണവും ക്ലേശവും പ്രതിസന്ധിയും ഏറ്റെടുക്കുവൻ മറിയാം തയ്യാറായി. പിതാവ്, മാതാവ്, വിവാഹം നിശ്ചയം കഴിഞ്ഞ ജോസഫ്, ബന്ധുക്കൾ, സ്നേഹിതർ എന്നിവരെല്ലാം മറിയത്തിന് ഉണ്ടായിരുന്നെങ്കിലും ദൈവകല്പനയ്ക്കായി സ്വയം സമർപ്പിക്കുന്നു. സ്വന്തം ജീവിതത്തിന്റെ ഭാവിയും സ്വത്വ നിർണ്ണയവും സ്വയം ഏറ്റെടുത്ത് ദൈവത്തിൽ ഭരമേൽപ്പിക്കുന്നു. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ച് രക്ഷാപദ്ധതിക്ക് സ്വയം സമർപ്പിച്ചതാണ് മറിയത്തിന്റെ മഹാഭാഗ്യം. ദൈവവചനം ശ്രദ്ധിച്ച്, സ്വയം സ്വീകരിച്ച്, ഹൃദയത്തിൽ സംഗ്രഹിക്കുന്ന മറിയം, ദൈവവചനം പ്രമാണിച്ച ആദ്യമാതൃകയാണ്.

"ഭാഗ്യവതി" എന്ന് വിളിക്കപ്പെട്ട മറിയം ദൈവത്തിന്റെ വിമോചന ദർശനം തിരിച്ചറിഞ്ഞു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിടുകയും എളിയവരെ ഉയർത്തുകയും ചെയ്യുന്ന മറിയത്തിന്റെ മഹത്വഗീതം എളിമയുടെ കീർത്തനമല്ല. വിമോചനത്തിന്റെ ആഹ്വാനമാണ്. പരിശുദ്ധ മറിയത്തിന്റെ മഹത്വഗീതവും (ലൂക്കോ. 1:49-53) യേശുവിന്റെ നസ്രേത്ത് മാനിഫെസ്റ്റോയും (ലൂക്കോ.4:18-19) ഒരു നവലോക ക്രമത്തിനായുള്ള ആഹ്വാനമാണ്. ഇത് സ്നേഹവും നീതിയും സമത്വവും കരുണയും നിലനിൽക്കുന്ന ക്രിസ്തുവിൽ ഒന്നായിതീരുന്ന (ഗലാ. 2:28) സമൂഹ ദർശനമാണ്. മറിയത്തിന്റെ സ്തുതി ഗീതം, പഴയനിയമത്തിൽ മോശയും സംഘവും ചെങ്കടൽ കടന്നപ്പോൾ അത്യാഹ്ലാദത്തോടെ ആലപിച്ച സ്തുതി ഗീതത്തിന്റെ (പുറ. 15:20-21) ആത്മാവിൽ നിറഞ്ഞുനിൽക്കുന്നു. ഹന്നായുടെ ഗീതവുമായി (1 ശമു. 2:1-10) മറിയത്തിന്റെ മഹത്വഗാനത്തിന് സാധർമ്മ്യം ഉണ്ട്. യേശുവിന്റെ പ്രബോധനങ്ങളിൽ ശക്തിപ്പെട്ട വിമോചന കാഴ്ചപ്പാടുകൾ ബാല്യകാലത്ത് മറിയം പകർന്നു നൽകിയ പ്രബോധനമാവാം.

വിശുദ്ധി, പ്രാർത്ഥന, അനുസരണം, സഹനം, വിനയം എന്നിവയുടെ പ്രതീകമായി മറിയത്തെ വ്യാഖ്യാനിക്കുമ്പോൾ തിരസ്കൃതമാകുന്നത് ദൈവിക രക്ഷാകര പദ്ധതിയിൽ മറിയം സ്വീകരിച്ച ധീരമായ നിലപാടുകളാണ്. മറിയത്തിന്റെ സമഗ്രമായ ആളത്വം മറിയ വിജ്ഞാനീയത്തിൽ വ്യാഖ്യാനിക്കപ്പെടണം. വിമോചന ദർശനം പകർന്ന മറിയ സ്ത്രീശക്തീകരണത്തിന്റെ മഹാ വ്യക്തിത്വമായി മാറും. സ്വന്തമായി തീരുമാനങ്ങൾ എടുക്കുന്നതിലും ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതിലും വിമോചന ദർശനം പങ്കിടുന്നതിലും പീഡാനുഭവങ്ങളിൽ പങ്കുചേരുന്നതിലും എല്ലാം പരിശുദ്ധ മറിയം പുതുതലമുറയ്ക്ക് ഉത്തമ മാതൃകയാണ്.

വിശുദ്ധ മറിയം വെളിപ്പെടുത്തിയ പ്രവാചക-വിമോചന ദർശനങ്ങൾ "മറിയൻ വേദ വ്യാഖ്യാനങ്ങളിൽ" തിരസ്ക്കരിക്കപ്പെടരുത്. മറിയ വിജ്ഞാനീയത്തിലെ വേദശാസ്ത്രം പുതിയ വ്യവസ്ഥിതികളുടെ പശ്ചാത്തലത്തിൽ സാമൂഹിക-മാനവിക തലങ്ങളിൽ വ്യാഖ്യാനിക്കപ്പെടേണ്ടത് അനിവാര്യമാണ്.

**പിൻമൊഴി...**

സ്ത്രീകൾക്ക് എതിരേയുള്ള അതിക്രമങ്ങളും നിഷേധങ്ങളും ശക്തിപ്പെടുന്ന സാഹചര്യത്തിൽ ബൈബിളിലെ പരിശുദ്ധ ദൈവമാതാവിന്റെ ജീവിതവും സാക്ഷ്യവും കാലികമായി പുനർ വ്യാഖ്യാനിക്കപ്പെടണം.




# സങ്കീർത്തനങ്ങൾ ആരാധനയിൽ



ജോൺ കുന്നത്ത്



സങ്കീർത്തനങ്ങൾ നമ്മുടെ ആരാധനയുടെ അവിഭാജ്യ ഘടകമാണ്. യഹൂദന്മാര് അവരുടെ ആരാധനയിൽ ഉപയോഗിച്ചിരുന്ന കീർത്തനങ്ങളുടെ സമാഹാരമാണ് നമ്മുടെ വേദപുസ്തകത്തിന്റെ ഭാഗമായിരിക്കുന്ന സങ്കീർത്തനങ്ങൾ. സങ്കീർത്തനങ്ങളുടെ മാതൃകയിൽ പിൽക്കാലത്ത് ക്രൈസ്തവ സഭയിൽ തന്നെ സങ്കീർത്തനങ്ങളുണ്ടായി. മാർ അപ്രേം, മാർ ബാലായി തുടങ്ങിയ സുറിയാനി സഭാപിതാക്കന്മാരുടെ സങ്കീർത്തതനങ്ങളാണ് പ്രചാരത്തിലായത്. ധൂപപ്രാർത്തനയിൽ ചൊല്ലുന്ന ചില കീർത്തനങ്ങൾ സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. അക്കാലത്തെ ഏറ്റവും നല്ല കാവ്യങ്ങളായിരുന്നു സങ്കീർത്തനങ്ങൾ.

ടാഗോറിന്റെ ഗീതാഞ്ജലിയിലെ സങ്കീർത്തനങ്ങളേക്കാൾ ആഴമായ അർത്ഥ തലങ്ങൾ ഉള്ളവയും കാവ്യഭംഗിയുള്ളവയുമാണ് ബൈബിളിലെ സങ്കീർത്തനങ്ങൾ. മനുഷ്യ മനസ്സുകൾ അവയിലെ എല്ലാ വിചാരവികാരങ്ങളോട് കൂടിയും സങ്കീർത്തനങ്ങളില് തുറന്നു വച്ചിരിക്കുന്നത് കാണാം. സങ്കീർത്തനങ്ങൾ ആരാധനയിൽ ഉപയോഗിക്കുമ്പോൾ ആരാധകർക്ക് അവരുടെ ഹൃദയങ്ങള് പൂർണമായി ദൈവസന്നിധിയില് തുറക്കുന്നതിന് അവ സഹായിക്കും.

19,51,63,91,113,117,119,121,133,134,141,142,148,149,150 എന്നീ സങ്കീർത്തനങ്ങളാന് നമ്മുടെ യാമപ്രാർത്ഥനകളില് പ്രധാനമായും ഉപയോഗിക്കുന്നത്.

പെഷീത്താ ബൈബിളിലെ സങ്കീർത്തനങ്ങളുടെ ക്രമത്തില് ഒരു ചെറിയ വ്യത്യാസമുണ്ട് പെഷീത്താ ബൈബിളിലെ 114 ആം സങ്കീർത്തനത്തിൽ മറ്റു ബൈബിളുകളിലെ 115-ാം സങ്കീർത്തനം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. സാധാരണ ബൈബിളിലെ 147-ാം സങ്കീർത്തനം പെഷീത്തായില് രണ്ടു വ്യത്യസ്ത സങ്കീർത്തനങ്ങളായി കൊടുത്തിരിക്കുന്നു. അതുകൊണ്ടാണ് ചില സങ്കീർത്തനങ്ങളുടെ നമ്പര് വ്യത്യസ്തമായി കാണുന്നത്. ഉദാഹരണത്തിന് 118-ാം സങ്കീർത്തനം എന്ന് ആരാധനാക്രമത്തില് കാണുന്നത് വാസ്തവത്തിൽ സാധാരണ ബൈബിളിൽ 119 ാം സങ്കീർത്തനമാണ്. പെഷീത്താ ബൈബിളിലെ ക്രമമാണ് പലപ്പോഴും ആരാധനാ ക്രമത്തിൽ കാണുന്നത്.

ഓരോ നേരങ്ങളിലും ചൊല്ലുന്ന സങ്കീർത്തനങ്ങളുടെ ഒരു പട്ടികയിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം. ഏഴു നേരത്തെ യാമപ്രാർത്ഥനയിൽ നാലുനേരങ്ങളിൽ സങ്കീർത്തനങ്ങൾ ചൊല്ലുന്നു. മൂന്നാം മണി ആറാം മണി ഒൻപതാം മണി എന്നീ നേരങ്ങളിൽ സങ്കീർത്തനങ്ങള് ചൊല്ലുന്നില്ല. പകൽ സമയത്തുള്ള ഈ പ്രാർത്ഥനകൾക്ക് മറ്റ് സമയങ്ങളിലേതിനേക്കാൾ ചുരുങ്ങിയ സമയം മാത്രമേ എടുക്കുന്നുള്ളു. അതുകൊണ്ടാവും ഈ നേരങ്ങളിൽ സങ്കീർത്തനങ്ങൾ ഒഴിവാക്കിയിരിക്കുന്നത്.

സ്ലീബാ നമസ്ക്കാരത്തിലും ക്യംതാ നമസ്ക്കാരത്തിലും ഒരേ സങ്കീർത്തനങ്ങളാണ്

ചൊല്ലുന്നത്. കൃംതായയിലെ പാതിരാത്രിയില് ഒരു സങ്കീർത്തനം അധികം ചൊല്ലുന്നു. പ്രഭാത നമസ്ക്കാരത്തിൽ കൃംതായില് 19 അധികം ചേർത്തിരിക്കുന്നു.

ഒരേ സങ്കീർത്തനം ഒരുദിവസം തന്നെ പലപ്രാവശ്യം ആവർത്തിക്കുന്നുണ്ട്. സന്ധ്യക്കും പ്രഭാതത്തിലും 51 ആവർത്തിക്കുന്നു. പാതിരാത്രിയിലും പ്രഭാതത്തിലും 148, 149, 150 എന്നിവ ആവർത്തിക്കുന്നു. സെമിനാരികളിലും ദയാറകളിലും പാതിരാത്രി നമസ്ക്കാരവും പ്രഭാത നമസ്ക്കാരവം ഒന്നിച്ചു ചൊല്ലാറുണ്ട്. അപ്പോൾ 148, 149, 150 എന്നീ സങ്കീർത്തനങ്ങൾ ഒരേ നേരം തന്നെ ആവർത്തിക്കുന്നു. സന്ധ്യയ്ക്കും പാതിരാത്രിയിലും 119 ഉണ്ടെങ്കിലും അവ 119-ലെ വ്യത്യസ്ത ഭാഗങ്ങളാണ്. ആവർത്തനമല്ല.

150 സങ്കീർത്തനം ഉള്ളതിൽ എന്തുകൊണ്ട് ഈ സങ്കീർത്തനങ്ങൾ പിതാക്കന്മാർ ആരാധനയിൽ ഉൾപ്പെടുത്തിയത് എന്ന ചോദ്യം പ്രസക്തമാണ്. സന്ധ്യ, രാത്രി, പ്രഭാതം തുടങ്ങിയ സമയങ്ങളുമായി ബന്ധമുള്ള വാക്കുകൾ ചില സങ്കീർത്തനങ്ങളിൽ ഉണ്ട്. അതുകൊണ്ട് അവ ഈ നേരങ്ങളിൽ ഉൾപ്പെതുത്തിയിരിക്കുന്നു എന്നു കരുതാം.

141 : 2 വൈകുന്നേരം

63 കിടക്കയിൽ ഓർത്ത്

91:5 രാത്രി

121:6 രാത്രി

134:1 രാത്രി

113:3 സൂര്യോദയം

19 സൂര്യന്റെ യാത്ര, പകൽ

മറ്റ് സങ്കീർത്തനങ്ങൾ അവയിലെ വിഷയത്തിന്റെ അടിസ്ഥാനത്തില് തെരഞ്ഞെടുത്തതാവണം. 51 – അനുതാപം, 91, 121 – ദൈവം സംരക്ഷകൻ

സങ്കീർത്തന പുസ്തകത്തിന് വെളിയിലുള്ള ചില സങ്കീർത്തനങ്ങളും ആരാധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറിയാമിന്റെ പാട്ട് (ലൂക്കോസ് 1:46-55), ഏശായ 42:10-13, 45:8, മത്തായി 4:3-12 എന്നിവ ഉദാഹരണങ്ങളാണ്.

എങ്ങനെ നമുക്ക് സങ്കീർത്തനങ്ങൾ കൂടുതൽ അർത്ഥവത്തായി ആരാധനയിൽ ഉപയോഗിക്കാൻ കഴിയും എന്ന് ചിന്തിക്കേണ്ടതാണ്.

1. 150 സങ്കീർത്തനങ്ങളിൽ ഏതാണ്ട് 15 സങ്കീർത്തനങ്ങള് മാത്രമേ നാം ആരാധനയിൽ ഉപയോഗിക്കുന്നുള്ളു. അതായത് ഏതാണ്ട് പത്തിൽ ഒന്ന്. അവ തന്നെ ഒരേ ദിവസം നാം ആവർത്തിച്ചു ചൊല്ലുന്നു. അതായത് ചില സങ്കീർത്തനങ്ങള് ആവശ്യത്തിലധികം ആവർത്തിക്കുന്നത് കൊണ്ട് മറ്റുള്ളവ അവഗണിക്കപ്പെടുന്നു. ഈ സ്ഥിതി മാറുന്നത് നല്ലതാണ്. നമ്മുടെ പിതാക്കന്മാർ ഈ 15 സങ്കീർത്തനങ്ങൾ ആരാധനയിൽ ഉൾപ്പെടുത്തിയതുകൊണ്ട് അവ മാത്രമേ നാം ആരാധനയിൽ ഉപയോഗിക്കാവൂ എന്ന് മനസിലാക്കിക്കൂടാ. ആരാധനയിൽ സങ്കീർത്തനങ്ങള് ഉപയോഗിക്കുന്നതിന്റെ ഒരു മാതൃക അവർ തന്നിരിക്കുന്നു എന്ന് മനസിലാക്കിയാൽ മറ്റു സങ്കീർത്തനങ്ങളും നമുക്ക് ഉപയോഗിക്കാൻ സാധിക്കും. 150 സങ്കീർത്തനങ്ങളിൽ മിക്കവയും നമ്മുടെ ആരാധനയിൽ ഉപയോഗിക്കാൻ യോഗ്യമാണ്. ഒരേ സങ്കീർത്തനങ്ങൾ തന്നെ ആവർത്തിക്കാതെ അവ മാറി മാറി ചൊല്ലുന്ന രീതി നാം വികസിപ്പിക്കേണ്ടതാണ്. ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ ഓരോ ആരാധനയ്ക്കും മുമ്പായി അന്ന് ചൊല്ലേണ്ട സങ്കീർത്തനകൾ തെരഞ്ഞെടുക്കുകയും അവ ജനത്തെ അറിയിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

2. ഒരു സങ്കീർത്തനം ചൊല്ലുന്നതിനു മുമ്പായി അത് എന്തിനേക്കുറിച്ചാണ് എന്ന് ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ പറയുന്നത് നന്നായിരിക്കും. ഉദാഹരണത്തിന് 51ാം സങ്കീർത്തനം ചൊല്ലുന്നതിന് മുമ്പായി “നമുക്ക് ദാവീദ് രാജാവിനോടൊപ്പം അനുതാപത്തോടെ ഈ സങ്കീർത്തനം ചൊല്ലാം“ എന്ന് പറഞ്ഞാൽ ജനത്തിന് അത് അർത്ഥവത്തായി ചൊല്ലാൻ സാധിയ്ക്കും. 2013 ൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച മലയാളം ബൈബിളില് സങ്കീർത്തനങ്ങളുടെ വിഷയം കൊടുത്തിട്ടുണ്ട്. അതുപയോഗിച്ച് ഒരു സങ്കീർത്തനത്തിന്റെ വിഷയം എന്താണെന്ന് പറഞ്ഞ ശേഷം അത് ചൊല്ലിയാൽ അത് അർത്ഥവത്താകും.

3. നാല് നേരത്തെ പ്രാർത്ഥനകളിൽ മാത്രമേ സങ്കീർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആവശ്യത്തിന് സമയമുണ്ടെങ്കിൽ മാത്രം ഉൾപ്പെടുത്തേണ്ടതാണ് അവ എന്നാണ് അതുകൊണ്ട് അർത്ഥമാക്കേണ്ടത്. അതുപോലെ സമയത്തിന്റെ ലഭ്യത പോലെ സങ്കീർത്തനങ്ങളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം എടുക്കേണ്ടതാണ്. ഉദാഹരണത്തിന് പെന്തിക്കോസ്തി പെരുന്നാള് ദിവസം പ്രഭാതത്തില് ഒരു സങ്കീർത്തനം മാത്രം ചൊല്ലാം എന്ന് തീരുമാനിക്കാം. സാധാരണ കൃംതാ പ്രഭാതത്തില് 9 സങ്കീർത്തനങ്ങള് ചൊല്ലാറുണ്ട്. (അവയിൽ സങ്കീർത്തന പുസ്തകത്തിൽ ഇല്ലാത്ത രണ്ടു സങ്കീർത്തനങ്ങൾ ഉണ്ട്.)

4. യഹൂദന്മാർ സങ്കീർത്തനങ്ങള് അവരുടെ ആരാധനയിൽ ചൊല്ലിയിരുന്നത് പദ്യരൂപത്തിലാണ്. പദ്യം ഹൃദയത്തിന്റെ ഭാഷയാണ്. ഗദ്യം ചിന്തയുടെ ഭാഷയും. എന്നാൽ അനേകം മൊഴിമാറ്റങ്ങള് കടന്നു നമ്മുടെ കയ്യിലെത്തിയിരിക്കുന്നത് ഗദ്യരൂപത്തിലുള്ള സങ്കീർത്തനങ്ങളാണ്. അവ വീണ്ടും പദ്യ രൂപത്തിൽ ചിലപ്പോഴെങ്കിലും ചൊല്ലാൻ കഴിയുന്നത് നല്ലതാണ്. സങ്കീർത്തനങ്ങള്ക്ക് പാടാൻ കഴിയുന്ന പദ്യരൂപം ഉണ്ടാകുകയും അവ ആരാധനയിൽ ഉപയോഗിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

5. സങ്കീർത്തനങ്ങളുടെ നമ്പറുകൾ ആരാധനാക്രമത്തിൽ കൊടുത്തിരിക്കുന്നത് പലപ്പോഴും പെഷീത്ത ബൈബിളിലെ ക്രമം അനുസരിച്ചാണ്. എന്നാൽ അവ സാധാരണ ഉപയോഗിക്കപ്പെടുന്ന ബൈബിളിലെ നമ്പറുകളിലേക്ക് മാറ്റുന്നത് നന്നായിരിക്കും.

6. പൗരാണിക കാലത്ത് യഹൂദന്മാർ ഉപയോഗിച്ചിരുന്ന സങ്കീർത്തനങ്ങളെ മാതൃകയാക്കിയാണ് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം ക്രൈസ്തവ കീർത്തനങ്ങൾ രചിച്ചത്. അതിനു ശേഷം ഏതാണ്ട് ഏഴാം നൂറ്റാണ്ടു വരെ പലരും ക്രൈസ്തവ കീർത്തനങ്ങൾ രചിക്കുകയുണ്ടായി. ആധുനിക കാലത്ത് നവീകരണ സഭകളിലാണ് സങ്കീർത്തനങ്ങൾ ഉണ്ടായത്. ഓർത്തഡോക്സ് സഭകളിൽ ഇക്കാര്യത്തിൽ ഒരു നവീകരണം ഉണ്ടാകേണ്ട കാലം വന്നിരിക്കുന്നു. ബൈബിളിലെ സങ്കീർത്തനങ്ങളുടെയും ആദിമ ക്രൈസ്തവ പിതാക്കന്മാരുടെയും കാലടികൾ പിന്തുടർന്നു നമ്മുടെ കാലഘട്ടത്തിന്യോജിച്ച വിധത്തിലുള്ള സങ്കീർത്തനങ്ങള് നമുക്ക് ഉണ്ടാക്കാം.





# Inter-religious Relations: a Gandhian Perspective



Prof. Dr. M. P. Mathai

We live in a fast globalizing world. Civilizations and cultures are encountering one another as never before in human history. In fact, they are destined to do so. Encounters can be positive or negative. We, human beings, as creators and creation of our culture and civilization, are the ones who determine the nature and course of such encounters. So, the choice we make at this historical juncture is really crucial in deciding the future of humanity. As is clear to all of us, there are various theories and paradigms, on the encounter of civilizations. Huntington's clash of civilizations theory had been discussed and debated at length. It is not my intent here to add to that debate. What I want to do is to point out that civilizations can encounter peacefully i.e., creatively rather than clash violently and destructively. And there can be a win-win result to it rather than a lose-lose or win-lose one. Gandhi had developed a model for such an encounter in his attempt to create a healthy way for the major religions of the world to encounter one another. Gandhi called this Sarvadharma samabhav or equality of religions. This talk proposed to present this Gandhian concept as a desirable paradigm for a creative encounter between religions.

Gandhi considered himself to be a religious person. He was born in a family with a strong tradition of a religious devotion and therefore it may be said that he inherited his

religiosity. Gandhi's house was a kind of rendezvous of religious people of different religions, as his father invited them to talk about the basic principles of their religions. Thus Gandhi grew up in a atmosphere of inter- religious dialogue and encounter, which not only kindled his intellectual and spiritual curiosity but inculcated in him a deep sense of toleration and respect for all religions. Later in life he made religion the main subject of his study. He studied reverentially the scriptures of the major religions of the world- Christianity, Islam, Jainism, Buddhism and the Parsi faith along with those of his own religion, Hinduism. It must be mentioned here that Gandhi's study of world religions was not academic but existential; his objective was not gaining an intellectual understanding of the principles of those religions; what he tried to do was to assimilate their moral and spiritual principles and synthesise them in to his own religiosity.

A word about what Gandhi really meant by religion may be in order at this point. By religion Gandhi did not mean customary or sectarian religion, but the Religion than underlay all religions and which brought us face to face with our maker. Gandhi wrote: "It means a belief in the ordered moral governance of the universe…….This religion transcends Hinduism, Islam, and Christianity etc. It does not supersede them. It harmonizes them and gives them reality.(Young India,March17, 1927). For Gandhi, there was no religion higher than truth and righteousness (N.K Bose, (ed) Selections from Gandhi, 1957, P.254) and he identified one's religiosity or religious spirit as that "permanent element in human nature which counts no cost too great in order to find full expression and which leaves the soul utterly restless until it has found itself, known its Maker and appreciated the true correspondence between the Maker and itself" (Y.I., May 12, 1920). Gandhi also believed and stated repeatedly that the spirit of one's religion should pervade all her/his activities. "Religion which takes no count of practical affairs and doesn't help solve them, is no religion", he said (Y. I., May 7, 1925). Gandhi considered all his activities to be a practical application of his religious convictions and faith. He said that even his politics were derived from his religion. He wrote: "politics benefits of religion are absolute dirt, ever to be shunned. Politics concern nations and that which concerns the welfare of nations must be one of the concerns of a man who is religiously inclined, in other words, a seeker after God and Truth…… Therefore, in politics also we have to establish the Kingdom of Heaven."(Y.I., June 18, 1925) Gandhi considered morality to be the essence of religions and stated that true religion and true morality are inseparably bound up with each other. He wrote: "as soon as we lose our moral basis, we cease to be religious. There is no such thing as religion overriding morality. Man, for instance cannot be untruthful, cruel and incontinent and clam to have God on his side". (Y.I., Nov.24, 1921)

Gandhi's Religion was a synthesis of the best in all major religions. To a question; "would you say, then, that your religion is a synthesis of all religions?" , he answered, "yes, if you will". But he hastened to add that he would call that synthesis his Hinduism, and for a true Christian, that synthesis was Christianity and for a Muslim that was Islam. (Harijan, March 3, 1937). After a reverential study of the major world religions Gandhi came to the conclusion that all religions were fundamentally equal. (Harijan, Nov.28, 1936) He understood that all religions arose as answers to the fundamental and perennial human quest for the meaning and purpose of existence. In common religious parlance it is said that they seek the same God and proceed from the same God. For Gandhi, as religions sought the same Truth, there was truth in all of them. But as religions came down to us through the instrumentality of human beings, in spite of the fact that they were God-given, they shared the inevitable imperfections that go with the human instrument. So, all religions have some error in them, argued Gandhi. As all religions were true yet imperfect, the question of comparative merit or superiority did not arise. All religions were equal and therefore, there was no need or justification for changing one's religion and getting converted to another. As the ultimate goal of all religions was to guide the believer or the faithful to his deliverance it was possible to attempt it through the religion into which one was born. So if what you seek is salvation or deliverance there is no need to change your religion, argued Gandhi. He rejected the claim of any religion to be superior to the others and also the practice of pro- selytisation as totally unjustified and unwarranted.

The question naturally comes up: If God is one, and belief in one God is the corner-stone of all religions why are there many religions instead of one religion- the Religion that Gandhi claimed to be his? Gandhi answered this question thus: "belief in one God is the corner-stone of all religions. But I do not foresee a time when there would be only one religion on earth in practice. In theory, since there is one God, there can be only one religion. But in practice, no two persons I have known have had the same and identical conception of God. Therefore, there will, perhaps, always be different religions answering to different temperaments and climatic conditions."[Harijan, Feb.2, 1934]. People in various parts of the world conceived and organized their own religions because they were necessary for the people to whom they were revealed. But Gandhi proceeded to add that he could foresee a time when "people belonging to different faiths will have the same regard for other faiths that they have for their own. I think that we have to find unity in diversity……….. We are all children of one and the same God and therefore, absolutely equal." [Ibid.]

As all religions owe their original inspiration to one and the same God, all religions were fundamentally equal, according to Gandhi. He, therefore, believed in the essential truths of all religions of the world and insisted that we respect others religions as we respect our own. He also pointed out that "if we are to respect others' religions as we would have them to respect our own, a friendly study of the world's religions is a sacred duty"(Y.I., Sep. 2, 1926).

So Gandhi called upon every one of us to do a reverential and sympathetic study of the scriptures of other religions. He said that it was the duty of every cultured man and woman to do so. Such a study, he believed, would certainly create an atmosphere of mutual understanding, sympathy and respect.

In this context Gandhi introduced another significant idea concerning inter religious encounter. We know and admit that there are certain ideas and practices in all religions that are not universally acceptable. Some of them are found to be even repugnant to human reason and morality. Gandhi's idea relates to the right of a person to point out and criticize such defects. Gandhi drew a fine but crucial distinction between one's right to criticise one's own religion and other religions. While it was the right and perhaps even the duty of a person to point out the defects in one's own religion with a view to purity it and improve it, his duty in terms of other religions must be of unreserved reverence. The responsibility of pointing out and correcting the defects in other religions must be left to the followers of those religions. One must try to set one's own house in order rather than attempting to set the others' right. Let charity begin at home. Gandhi wrote: "But it is no business of mine to criticize the scripture of other faiths or point out their defects. It is and should be, however, my privilege to proclaim and practice the truths that may be in them. I may not, therefore, criticize or condemn the things in the Koran or the life of the Prophet that I cannot understand….." (Harijan, March 13, 1937) The advice of Gandhi is to do a reverential study of the scriptures of other faiths with a view to imbibing what is good in them so that we may better ourselves as a true believer of our own faith and thus make it better and nobler.

Sarvadharma samabhava or equality of religions was not merely a theoretical proposition for Gandhi. For him it was a vow, an observance and an act of faith. He practised it assiduously in his life and thus obliterated the demarcating line between religions. Gandhi showed us how to live a creative religious life which, in fact, was a translation of the spirit of sarvadharma samabava or equality of religions into demonstrable practice. The significance of this way of living one's faith in the multi-religious context of the contemporary world cannot be overemphasized

I would like to conclude by quoting Gandhi: "The need of the moment is not one religion but mutual respect and tolerance of the devotees of different religions. We want to reach not the dead level but unity in diversity. Any attempt to root out traditions, effects of heredity, climate and other surroundings is not only bound to fail but is a sacrilege. The soul of religion is one but it is encased in a multitude of forms. The latter will persist to the end of time. Wise men will ignore the outward crust and see the same soul living under a variety of crusts". (Young India, Sept. 25, 1925)

An objective examination of this approach would convince one that it can provide a useful frame work for a healthy and mutually enriching encounter of religions.

[* This is the revised version of the talk delivered on September 22, 2007 at the International Inter-Cultural Forum known as "Monterrey Forum 2007', held in Monterrey, Mexico, in September, 2007.]

**Prof. Dr. M.P,.Mathai** is presently Adjunct Professor of Gandhian Philosophy, at Gujarat Vidyapith, Ahmedabad, (the University founded by Mahatma Gandhi) and Editor of **Gandhi Marg**, (Research Journal of Gandhi Peace Foundation, New Delhi). He is former Principal, St. Peter's College, Kolenchery, and former Professor and Director of the School of Gandhian Thought and Development Studies, Mahatma Gandhi University, Kottayam. He is also former Dean of Gandhi Research Foundation, Jalgaon, Maharashtra.
Prof. Mathai is a member of the Managing Committee of our Church.




LUNCH BUFFET
Everyday our chefs prepare a fantastic feast that includes everything from appetizer to dessert. This includes exotic curries, succulent tandoori meats, long grain basmati rice, imaginative vegetarian dishes along with salads, chutnies, and fresh baked naan, truly a meal fit for an emperor.
Craving a Curry or Korma or Kabab?
Add some spice to your life —
order Shiva's delicacies !!!
LUNCH BUFFET 7 DAYS A WEEK & FINE DINING
RICE VILLAGE
2514 Times Blvd.
Houston, TX - 77005
Tel: 713-523-7453
SHIVA
INDIAN RESTAURANT
www.shivarestaurant.com
Catering needs, Contact: Vijay (Abraham Mathew) Call: 832-419-7448



# Why We Pray Facing East

CONCERNING WORSHIP TOWARDS THE EAST EXPOSITION OF THE ORTHODOX FAITH by St. John of Damascus,

Facing East is an ancient tradition, grounded in sure knowledge about the Second Coming, first told us by the Lord, and then repeated by an angel after the disciples had just seen the Lord ascend into heaven: "For as the lightning comes from the east and shines as far as the west, so will be the coming of the Son of Man" (Matthew 24:27)

"…Ye men of Galilee, why stand ye gazing up into heaven? This same Jesus, which is taken up from you into heaven, shall so come in like manner as ye have seen him go into heaven." (Acts 1:11)

We believe that our Lord ascended on the Mount of Olives, and when He comes back, He will come on a cloud from the East. Therefore, we face East when we pray.

There are other important biblical references to the East.

The following is a NON-comprehensive list.

The wise men saw signs of the imminent birth of Christ from the East:

"Now when Jesus was born in Bethlehem of Judaea in the days of Herod the king, behold, there came wise men from the east to Jerusalem, Saying, Where is he that is born King of the Jews? for we have seen his star in the east, and are come to worship him." (Mat 2:1-2)

Ezekiel saw the "glory of the Lord" when facing East:

"And the glory of the Lord came into the house, by the way of the gate looking eastward:" (Ezekiel 43:4)

The Jews faced Eastward during their worship:

"And if the prince should prepare as a thanksgiving a whole-burnt-peace-offering to the Lord, and should open for himself the gate looking eastward, and offer his whole-burnt-offering, and his peace-offerings, as he does on the Sabbath-day; then shall he go out, and shall shut the doors after he has gone out." (Ezekiel 46:12) There are lots of references in the Fathers to prayer facing East (see the end of this essay for an excerpt from St John of Damascus concerning this.) It has been a uniform part of our tradition since BEFORE Apostolic times.

**Here is what Saint John of Damascus says,**

It is not without reason or by chance that we worship towards the East. But seeing that we are composed of a visible and an invisible nature, that is to say, of a nature partly of spirit and partly of sense, we render also a twofold worship to the Creator; just as we sing both with our spirit and our bodily lips, and are baptized with both water and Spirit, and are united with the Lord in a twofold manner, being sharers in the Mysteries and in the grace of the Spirit.

Since, therefore, God is spiritual light, and Christ is called in the Scriptures Sun of Righteousness and Dayspring, the East is the direction that must be assigned to His worship. For everything good must be assigned to Him from Whom every good thing arises. Indeed the divine David also says, Sing unto God, ye kingdoms of the earth: O sing praises unto the Lord: to Him that rideth upon the Heavens of heavens towards the East. Moreover the Scripture also says, And God planted a garden eastward in Eden; and there He put the man whom He had formed: and when he had transgressed His command He expelled him and made him to dwell over against the delights of Paradise, which clearly is the West.

So, then, we worship God seeking and striving after our old fatherland.

Moreover the tent of Moses had its veil and mercy seat towards the East.



Also the tribe of Judah as the most precious pitched their camp on the East.

Also in the celebrated temple of Solomon, the Gate of the Lord was placed eastward.

Moreover Christ, when He hung on the Cross, had His face turned towards the West, and so we worship, striving after Him.

And when He was received again into Heaven He was borne towards the East, and thus His apostles worship Him, and thus He will come again in the way in which they beheld Him going towards Heaven; as the Lord Himself said, As the lightning cometh out of the East and shineth even unto the West, so also shall the coming of the Son of Man be.

So, then, in expectation of His coming we worship towards the East. But this tradition of the apostles is unwritten. For much that has been handed down to us by tradition is unwritten.



# Theotokos



**Shiji Mathen**



Intercession of St Mary has the history of Christianity. In early church right after Jesus, St Mary was given a prime and supreme position. Yes She was given the utmost importance in Orthodox churches because She is Theotokos.
What does the word Theotokos mean? Theotokos is the Greek title of Mary means God Bearer. We see the power of Holy Spirit for the first time in Mary's womb. Born and raised as an ordinary girl and became the mother of God. God choses Mary as his mother.So the Orthodox church honors and glorifies the Mother of God on account of her son.

Our church remembers the life of Theotokos with several feast days.
The liturgical year begins and ends with feast days of Theotokos.

1. The nativity of THeotokos is celebrated on Sept 8
2. The presentation of Theotokos into the temple is on Nov 21
3. The annunciation of Theotokos is celebrated on March 25
4. TheDormition of the Theotokos is celebrated on Aug 15
   of these annunciation and Dormition are the most festal.

Calling Mary the Theotokos or the mother of God was never meant to suggest that Mary was coeternal with God.The church acknowledges the mystery in the words of the ancient hymn." He, whom the entire universe would not contained with your womb, O Theotokos"

Now let's ponder on four crucial aspects of St Mary's personality which made her more dignified any other human.

1. **St Mary the supreme example of humility and submissiveness.** St Luke 1:38 "I am the Lord's servant , Mary answered, may it be to me as you have said."
When Angel Gabriel told Mary that she will give birth to a son, as any normal human being she was astonished and asked " how will this be" but she didn't argue or didn't get panicked. Instead she submitted herself to the will of God. She knew the consequences of being pregnant and giving birth without getting married. She knew that she will be humiliated in society but she was not afraid. She had the courage to face challenges.
This is what we should learn from Mother Mary. We have to be fully submissive to God's will. We should surrender our children, our family and ourselves to God. When we are submissive to God's will, we are going to face lot of challenges in our lives. No matter what the circumstance is, how impossible you feel it may be, God will see you through. When troubles and tribulations come release all your fear, doubt and and anxiety. Remember that God will see you through. The Almighty will give all you need of peace, strength, patience and courage.

2. **St Mary- The slogan of care for the needy.**
St Luke 1:39-56 Mary's visit to Elizabeth. When Mary found out that her cousin Elizabeth is carrying at her old age she wanted to go and help Elizabeth.Mary was taking the initiative to walk a long long way to meet her relative who is in need. Despite her physical limitations and weakness she wanted to serve others. That passion took care who are in need. That's the beauty of the mind of St Mary. Mother Mary is always near to who are in need.
Let's examine ourselves. How often are we stretching our hands towards the needy? We all are so eager to pamper and take care of our children. But how eager are we in taking care of our parents? Also there are so many among us going through various kind of struggles. Let's be there for them in prayers and support them in every way we can.

3. **St Mary- the Zenith of intercession**
St John 2:3-11 Jesus turns water into wine
When the wine was finished at the wedding feast in Cana, Jesus's mother said to him" they have no more wine" Jesus replied" why do you involve me? My time has not yet to come." But his mother told the servants" to do what he tells you to do"
This first of his miraculous sign he performed at Cana was per the request of his mother. The son was glorified by His mother.We see a mother who is pleading her son for the needy. That's the intercession. When we are fearful and desperate in our lives, when we find no solutions to our problems we should call upon our mother to pray for us to the Saviour Jesus Christ. At the wedding feast when there was a problem, instead of dictating what to do Mary let Jesus take control of the situation. As you turn to God for guidance divine wisdom will fill you with supreme assurance. When you turn your body, life and affairs over to God's control you are then a free channel for the expression of healing, joy and success. You are turning yourself over to the higher thoughts and higher ways to God and to the presence and power of God's love that is with you always.

4. **Officiating the mother of infant church**
St John 19:2 " and to the disciple he said, here is your mother" From that time on this disciple took her into his home. We all know when and where it happened. Near the cross When Jesus saw his mother and the disciple he loved standing by, He said " woman, here is your son and to the disciple, here is your mother" and at that point Mother Mary became the mother of the mankind.

We all know how much a mother prays for her children everyday. So Mother Mary , the mother of all mankind constantly interceds for us to her son. So when we are in distress lets seek our mother's intercession and be submissive to God's will.

See God in control of every cell and atom of our being. Let go and let God be in control.



# നിത്യത സത്യമോ മിഥ്യയോ?

Sosamma Iype

ഒരു ക്രിസ്ത്യാനിക്ക് – ക്രിസ്ത്യാനിയേക്കാൾ, ക്രിസ്തു + അനു = അനുഗമിക്കുന്നവൻ ക്രിസ്ത്യാനിയുടെ വസ്ത്രമല്ല, ക്രിസ്ത്യാനിയുടെ പേരുമല്ല, ക്രിസ്തുവിന്റെ കൂടെയുള്ളവർ എന്നർത്ഥം – മരണം, ന്യായവിധി, സ്വർഗ്ഗം, നരകം ലോകത്തിന്റെ കാഴ്ചപ്പാടിൽ നോക്കരുത്. നശ്വരമായ അപ്പത്തിന് വേണ്ടിയല്ല, അനശ്വരമായ അപ്പത്തിനുവേണ്ടിയായിരിക്കണം ശ്രമിക്കേണ്ടത്. ജീവനും ജീവന്റെ അപ്പമാകുന്ന പുനരുത്ഥാനവും ഇത് വിശുദ്ധ കുർബ്ബാനയിൽ കാണാം. പ്രലോഭനത്തിൽ അകപ്പെടാതെ പ്രാർത്ഥിപ്പിൻ എന്നാണ് കർത്താവ് പഠിപ്പിച്ചത്. ഇന്ന് പ്രലോഭനങ്ങൾ ചോദിച്ചുവാങ്ങുന്ന തലമുറയിലാണ് നാം ജീവിക്കുന്നത്. പക്ഷേ കണക്ക് നോക്കുന്ന നാളിൽ നിന്റെ കരം ബലപ്പെട്ടിരിക്കുമോ?

ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. ഇത് കത്തിക്കരിഞ്ഞ് പോകുമെന്ന് വി. പത്രോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. അതിനാൽ വിടേണ്ടതിനെ വിട്ട് ഓടണം. ലോത്തിന്റെ ഭാര്യയ്ക്ക് സംഭവിച്ചത്, നമുക്ക് സംഭവിക്കരുത്. കയ്പ്പുള്ള വേരുകൾ Root But ചെയ്യണം. ശുദ്ധീകരണം കൂടാതെ ദൈവത്തെ കാണുകയില്ലെന്ന് വചനം വ്യക്തമാക്കുന്നു.

വിശുദ്ധി എന്താണ്, എന്തല്ലയെന്ന് വേദപുസ്തകാടിസ്ഥാനത്തിൽ നമുക്കൊന്ന് നോക്കാം. പ്രാർത്ഥിക്കുന്നവരെല്ലാം വിശുദ്ധരാകണമെന്നില്ല. എന്നാൽ വിശുദ്ധന്മാരെല്ലാം പ്രാർത്ഥിക്കുന്നവരാണ്. എബ്രായർ 12:14 പൗലോസ് ശ്ലീഹാ പറയുന്നു. ഇതിന് കഠിനാദ്ധ്വാനം ചെയ്യണം, ദൈവത്തെ കാണാനും, സ്നേഹിക്കാനും വിശുദ്ധികൂടാതെ പറ്റുകയില്ല. അഷ്ഠ സൗഭാഗ്യങ്ങളിൽ വിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്നല്ലെ പറഞ്ഞിരിക്കുന്നത്. പ്രാർത്ഥനാ ജീവിതം=വിശുദ്ധി അല്ല. പുറമെ കാണുന്ന ഒന്നിനെ വിശുദ്ധിയായി അംഗീകരിക്കാൻ കഴിയുകയില്ല. ഒരുപാട് പ്രാർത്ഥിക്കുന്നവർ വിശുദ്ധരാകണമെന്നില്ല. വി. ലൂക്കോസ് 18.10 രണ്ട് വ്യക്തികൾ പ്രാർത്ഥിക്കുന്നു. നന്നായി സമയമെടുത്ത് പ്രാർത്ഥിച്ചത് പരീശൻ. സ്വന്തം സ്വാർത്ഥതയ്ക്കും മഹിമയ്ക്കും വേണ്ടി പ്രാർത്ഥിക്കാം. ബാറ് നടത്തിയിട്ട് തിരുഹൃദയത്തിന്റെ ഫോട്ടോ വച്ച് തിരികത്തിക്കാം.

സ്നേഹത്തിൽ നിന്നല്ലാതെ പ്രാർത്ഥന വിശുദ്ധിയല്ല. വചനപാണ്ഡിത്യം വിശുദ്ധിയുടെ അടയാളമല്ല. പിശാചിന് നമ്മളെക്കാൾ കൂടുതൽ വചനമറിയാം. യേശുവിനെ പരീക്ഷിക്കുമ്പോൾ വചനം quote ചെയ്യുന്നില്ലേ? പക്ഷേ വിശുദ്ധന്റെ മനസ്സിൽ നിറയെ വചനമുണ്ട്. യാക്കോബ് 1:23 പറയുന്നു, വചനജീവിതമാണ് വേണ്ടത്. നമുക്ക് സംഭവിക്കുന്ന അപകടം, വചനം പഠിച്ചിട്ട് മറ്റുള്ളവർക്ക് വേണ്ടി മാത്രം സ്വയം കീറിമുറിക്കാതെയിരിക്കണം.

അത്ഭുത പ്രവൃത്തി വിശുദ്ധിയാകണമെന്നില്ല. എന്നാൽ വിശുദ്ധർ അനേകം അത്ഭുതങ്ങൾ ചെയ്യും. വി. മത്തായി 7:21 ഞാൻ നിങ്ങളെ അറിയുന്നില്ല, ഭൂതോച്ചാടനം ചെയ്യുന്നവരോട് യേശു പറയുന്ന ഭാഗം. മരം കൊണ്ടല്ല ഫലം കൊണ്ട് വൃക്ഷത്തെ അറിയാം. സുവിശേഷത്തിൽ അധിഷ്ഠിതമായ ഫലം കാണണം.

നന്മ പ്രവൃത്തിയും ജീവകാരുണ്യ പ്രവർത്തിയും വിശുദ്ധിയുടെ അടയാളമല്ല. വി. ലൂക്കോസ് 7:38 ശീമോന്റെ വിരുന്ന്. നന്മ ഉള്ളിലുണ്ടായിരുന്നില്ല. പാപിനിയായ സ്ത്രീയെ എടുത്ത് പറഞ്ഞിട്ട് യേശു പറഞ്ഞു. ശീമോനെ നീ അത് ചെയ്തില്ല. മറ്റേതെങ്കിലും ആഗ്രഹത്തിന് നന്മ പ്രവർത്തിച്ചേക്കാം. മറ്റൊരാളെ വിധിക്കാനല്ല, സ്വയം ചിന്തിക്കാനാണിവ. ഭക്തിയുടെ അടയാളമായിരുന്നില്ല ആ വിരുന്ന്.

മനുഷ്യനെ തേടിയുള്ള ദൈവത്തിന്റെ അന്വേഷണം “ആദമേ നീ എവിടെയാണ്” എന്ന ചോദ്യവുമായി വി. ബൈബിൾ ആരംഭിക്കുന്നു. അവസാന പുസ്തകത്തിലും വാതിൽ തുറക്കാമൊ. തുറക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് തന്നിരിക്കുന്നു. നമ്മളാകട്ടെ സർവ്വ ശക്തിയും ഉപയോഗിച്ച് അടച്ചുപിടിക്കുന്നു.

